# LAITY VOICE

2014 NOVEMBER | Volume: 5 | No:5 | E-mail: laityvoice21@gmail.com


**സംഹാരതാണ്ഡവമാടി അതിർത്തികൾ കടന്ന് “മുല്ലപ്പൂവിപ്ലവം” അഥവാ “അറബ് വസന്തം” ലോകത്തിന്റെ വിവിധ കോണുകളിലേയ്ക്ക് വ്യാപിക്കുകയാണ്. ദൈവത്തിന്റെ ഏറ്റവും മഹത്തര സൃഷ്ടിയായ മനുഷ്യനെ കൊന്നൊടുക്കി ദൈവത്തെ പ്രീതിപ്പെടുത്തുന്ന പൈശാചികത ഇതിനോടകം അനേകായിരങ്ങളെ കുരുതികൊടുത്തിരിക്കുന്നു. ഇറാക്കിലെ ക്രൈസ്തവസമൂഹത്തെ ഒന്നടങ്കം മണലാരണ്യത്തിൽ മരിച്ചുവീണു. ന്യൂനപക്ഷമായ യസീദികളെ ജീവനോടെ കുഴിച്ചുമൂടി. കലിയടങ്ങാത്ത ഭീകരവാദം ഇറാക്കിന്റെ അതിർത്തികൾ കടന്ന് സിറിയ, ലിബിയ, തുർക്കി, ഈജിപ്ത്, അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ എന്നിവിടങ്ങളിലും യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കും കടന്നിരിക്കുന്നു. ഇത് ഇന്ത്യയിലേയ്ക്കും കടന്നുവോ?**

# അതിർത്തികൾ കടന്ന് “മുല്ലപ്പൂവിപ്ലവം”



ബാഗ്ദാദിലും പരിസരത്തും ഷിയാമേഖലകളിലും 2014 ഒക്ടോബർ 16ലെ കാർബോംബിൽ കൊല്ലപ്പെട്ടത് 47പേർ. 98 പേർ അതീവ ഗുരുതരാവസ്ഥയിൽ. 3 ദിവസങ്ങളിൽ നടന്ന ഭീകരാക്രമത്തിൽ ബാഗ്ദാദിൽ തന്നെ കൊല്ലപ്പെട്ടവർ 500–ൽ പരം. എന്നാൽ സെപ്തംബറിൽ മാത്രം വധിക്കപ്പെട്ടവർ യുഎന്നിന്റെ ഔദ്യോഗിക കണക്കുപ്രകാരം 1100.

അഫ്ഗാനിസ്ഥാനിലെ പക്തിയ പ്രവിശ്യയിലെ അർഗൻ ജില്ലയിൽ ഒരു കാർബോംബു സ്ഫോടനത്തിൽ മാത്രം കൊല്ലപ്പെട്ടവർ 42. 2014 ഏപ്രിൽ മാസം നൈജീരിയയിൽ ബൊക്കോഹറാം തീവ്രവാദികൾ തട്ടിക്കൊണ്ടുപോയ 200 സ്കൂൾ കുട്ടികളെ മോചിപ്പിക്കുവാനുള്ള വിലപേശലുകൾ തുടരുന്നു. ഇവരെ നിർബന്ധിതമതപരിവർത്തനം നടത്തി പർദ്ദയിട്ട ചിത്രവുമായാണ് ലോകം പിന്നീട് കണ്ടത്. ഈ പെൺകുട്ടികൾ ജീവിച്ചിരിപ്പുണ്ടോയെന്ന് ഇപ്പോൾ സംശയവുമുണ്ട്.

ഈജിപ്തിലെ സീനായ് മുനമ്പിനു സമീപം വിശുദ്ധ സമരത്തിന്റെ മുദ്രാവാക്യവുമായി കാർബോംബു സ്ഫോടനത്തിൽ 6 ഈജിപ്ഷ്യൻ സുരക്ഷാ ഉദ്യോഗസ്ഥർ 2014 ഒക്ടോബർ 19ന് വധിക്കപ്പെട്ടു.

ഇതിനിടെ തുർക്കിയിലും ലഹള പടർന്നിരിക്കുന്നു. ഭീകരർ താണ്ഡവമാടുന്ന സിറിയൻ നഗരമായ കൊബാനിയിൽ സൈനിക ഇടപെടലിന് തുർക്കി വിസമ്മതിക്കുകയുണ്ടായി. തുർക്കിയിലൂടെ യാത്രചെയ്താൽ കൊബാനിയിൽ എത്താം. ഭീകരന്മാർക്ക് പിന്തുണയേകുന്ന തുർക്കിയുടെ നിലപാടിനെതിരെയുള്ള ലഹളയിൽ കൊല്ലപ്പെട്ടത് 32 പേർ.

യമനിലെ റദാപട്ടണത്തിൽ ഭീകരരും സുന്നി വിഭാഗക്കാരുമായി 2014 ഒക്ടോബർ 22ന് നടന്ന ഏറ്റുമുട്ടലിൽ 30 പേർ കൊല്ലപ്പെട്ടു. യമന്റെ തലസ്ഥാനമായ സനായും റദായും ഏറെക്കാലമായി അൽക്വയിദ ഉൾപ്പെടെയുള്ള ഭീകരരുടെ കേന്ദ്രമാണ്. ഇറാക്കിലെ ഏറ്റവും വലിയ എണ്ണശുദ്ധീകരണശാല സ്ഥിതിചെയ്യുന്ന ബൈജിക്കുസമീപമുള്ള അൽസിനിയ പട്ടണത്തിൽ ഭീകരരുടെ മുന്നേറ്റം തുടരുന്നു.

കനേഡിയൻ പാർലമെന്റിനുനേരെ അക്രമം നടത്തിയ മൈക്കിൾ സെഹാഫ് ബിബേയ ഭീകരപ്രസ്ഥാനത്തിന്റെ ഏജന്റായി പ്രവർത്തിക്കുന്ന കനേഡിയൻ വംശജനാണെന്നു സംശയിക്കപ്പെടുന്നു. സിറിയയിലും ഇസ്ലാമിക് സ്റ്റേറ്റിനെതിരെയും പോരാടുവാൻ കാനഡ യുദ്ധവിമാനങ്ങളയച്ചതിനു പിറ്റേന്നാണ് പാർലമെന്റ് അക്രമണം നടന്നത്.

സിറിയയിലെ ഹോംസിൽ ഒരു സ്കൂളിന് സമീപം ചാവേർ ഭടൻ നടത്തിയ ബോംബ് സ്ഫോടനത്തിൽ 30 കുട്ടികൾ ഉൾപ്പെടെ 39 പേർ കൊല്ലപ്പെട്ടു. 56 പേരുടെ നില ഗുരുതരമാണ്. അലാവൈറ്റുകൾ താമസിക്കുന്ന സർക്കാർ നിയന്ത്രിത മേഖലയിലാണിത്.

മേൽപറഞ്ഞ രാജ്യങ്ങളിൽ ആഭ്യന്തര വിപ്ലവം അഴിച്ചുവിട്ട് സ്വന്തം ജാതിസമൂഹത്തെയും, ഭീകരവാദികളേയും ക്രൈസ്തവ കേന്ദ്രങ്ങളായ യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് അഭയാർത്ഥികളായി പാലായനം ചെയ്യിക്കുക, അഭയാർത്ഥികളും ആശ്രയമില്ലാത്തവരുമായി കടന്നുവരുന്നവരെ സ്നേഹത്തോടെ സ്വീകരിക്കുന്ന യൂറോപ്യൻ ജനതയുടെ ക്രൈസ്തവ വീക്ഷണവും നന്മകളും മനുഷ്യസ്നേഹവും ചൂഷണം ചെയ്ത് മതം വളർത്തുകയെന്ന തന്ത്രമാണ് മുല്ലപ്പൂവിപ്ലവമെന്നത് പലരും മനസിലാക്കുന്നില്ല. ഇംഗ്ലണ്ടിലെ ക്രൈസ്തവ സ്കൂളുകളിൽ നിന്ന് വിശുദ്ധ കുരിശുകൾ എടുത്തുമാറ്റേണ്ടിവന്നിരിക്കുന്നു. ഇന്ത്യയിലെത്തിച്ചേർന്നിരിക്കുന്ന ഭീകരവാദവേരുകൾ ഏതൊക്കെ കോണുകളിൽ എന്ന ഭീതിയിലാണ് ജനസമൂഹം. കേരളത്തിലെ ക്രൈസ്തവ കേന്ദ്രങ്ങളും സ്ഥാപനങ്ങളും ലക്ഷ്യംവെച്ചുള്ള ഇക്കൂട്ടരുടെ നിഗൂഢ അജണ്ടകൾ സഭാ സമുദായ നേതൃത്വങ്ങൾ മനസിലാക്കിയാൽ നന്ന്.

എഡിറ്റോറിയൽ



# ജനാധിപത്യ ഭരണനേതൃത്വമേ നിങ്ങളേക്കാൾ എത്രയോ ഭേദം തായ്‌ലൻഡിലെ പട്ടാളഭരണം

കാർഷിക മേഖലയുടെ വൻതകർച്ചയിൽ ജനജീവിതമാകെ സ്തംഭിച്ചിരിക്കുമ്പോൾ വളരെ വേദനയോടെ വീണ്ടും ഞങ്ങൾ കുറിക്കുന്നു, ജീവിക്കാൻ വേണ്ടിയുള്ള കർഷകമക്കളുടെ നെട്ടോട്ടത്തെ പുറംകാലുകൊണ്ട് ചവിട്ടിയരയ്ക്കുന്ന ധാർഷ്ഠ്യവും ധിക്കാരം കുത്തിനിറച്ച ഭരണഉദ്യോഗസ്ഥ വർഗ്ഗത്തിന്റെ കനിവിലേയ്ക്കാണിത്. **പ്രതികരിക്കാനറിയാത്ത അസംഘടിത വർഗ്ഗത്തിന്റെ ആത്മരോഷം ആത്മഹത്യയിലേയ്ക്ക് കടക്കുവാൻ ഇനി വൈകില്ല.** പട്ടിണിയും സാമ്പത്തികഭാരവും കടക്കെണികളും മൂലം ജീവൻ വലിച്ചെറിയേണ്ടിവന്ന മണ്ണിന്റെ മക്കളുടെ കണ്ണീർവിലാപം കാലങ്ങൾക്ക് മുമ്പ് കർണ്ണപുടങ്ങളിലെത്തിയിട്ടും കുലുക്കമില്ലാത്ത അധികാര കേന്ദ്രങ്ങളുടെ നിഷേധ മനോഭാവം നാം കാണുന്നില്ലേ. **ഉറങ്ങുന്നവനെ ഉണർത്താനാവും; ഉറക്കം നടിക്കുന്നവനെയോ? ഇതാണ് നമ്മുടെ സർക്കാർ.** ജനാധിപത്യസംവിധാനത്തിന്റെ ഈടുറ്റ സംഭാവനയായി ജനങ്ങൾ തെരഞ്ഞെടുത്ത, ജനങ്ങൾക്കായി പ്രവർത്തിക്കുന്ന സർക്കാരാണു പോലും. ജനങ്ങളുടെമേൽ ആധിപത്യം നടത്തി അധിപന്മാരായി വാഴുന്നവർക്ക് കഷ്ടപ്പാടിന്റെയും നഷ്ടപ്പെടലിന്റെയും ലോകത്ത് ഇഴഞ്ഞുനീങ്ങുന്നവന്റെ ദുഃഖവും കഷ്ടപ്പാടും വേദനയുമറിയില്ല.

**കേരളത്തിന്റെ സമ്പദ്ഘടനയെ തകർക്കുന്ന കാർഷികവിളകളുടെ വിലയിടിവിൽ പരസ്പരം പഴിചാരി അധരവ്യായാമം നടത്തുന്ന ഭരണനേതൃത്വങ്ങൾ തായ്‌ലണ്ടിലെ പട്ടാളഭരണത്തെ കണ്ടുപഠിക്കുക.** 12 ലക്ഷത്തോളം റബർ കർഷകരും മൂന്നരലക്ഷത്തോളം ടാപ്പിംഗ് തൊഴിലാളികളും പതിനായിരത്തോളം വ്യാപാരികളും കേരളത്തിൽ വൻപ്രതിസന്ധിയിലായിരിക്കുന്ന റബർകൃഷി മേഖലയുടെ നഷ്ടങ്ങളുടെ കണക്കുകളുമായി ജീവിതം തള്ളിനീക്കുമ്പോൾ നോക്കുകുത്തികളായി നിൽക്കുകമാത്രമല്ല, വാഗ്ദാനം നൽകി വഞ്ചിക്കുന്നതാണ് ജനാധിപത്യ സർക്കാരിന്റെ ഭരണനൈപുണ്യവും വൈശിഷ്ട്യവുമെങ്കിൽ ഇതാ തായ്‌ലൻഡിനെ നോക്കുക.

എട്ടര ലക്ഷത്തോളം റബർ കർഷകരുള്ള ലോകത്തിലെ വലിയ റബറുല്പാദന രാജ്യങ്ങളിലൊന്നായ തായ്‌ലൻഡിൽ കഴിഞ്ഞ മെയ് മാസത്തിൽ യിംഗ്ലക് ഷിനാവത്രയുടെ ജനകീയ ഭരണകൂടത്തെ അട്ടിമറിച്ച് അധികാരം പിടിച്ചെടുത്ത പട്ടാളഭരണകൂടം റബർ കർഷകർക്ക് ധനസഹായവും, പ്രത്യേക വായ്പാപദ്ധതിയും, വിപുലമായ സംഭരണപരിപാടിയുമാണ് കഴിഞ്ഞ ദിവസം പ്രഖ്യാപിച്ചത്. പ്രഖ്യാപിക്കുകമാത്രമല്ല, 24 മണിക്കൂറിനുള്ളിൽ തുടക്കവും കുറിച്ചു. സാമ്പത്തിക തകർച്ച നേരിടുന്ന റബർ കർഷകർക്ക് 6000-ത്തിലേറെ കോടി രൂപയുടെ സഹായപദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്. ഹെക്ടറിന് 11,800 രൂപ വച്ചാണ് കർഷകർക്ക് നേരിട്ടു ധനസഹായം നൽകുക. ഒരാൾക്കു പരമാവധി 28,500 രൂപ(15,000 തായ്‌ലന്റ് ബാഹ്ത്) കിട്ടും. ഈ പദ്ധതിക്ക് 1,600 കോടി രൂപ നീക്കിവച്ചതായി പട്ടാളഭരണകൂടത്തിന്റെ വക്താവ് മേജർ ജനറൽ നുൺസേൺ കയേക്കുംനെർഡ് പറഞ്ഞു. ഒന്നര ലക്ഷത്തോളം റബർ കർഷകർക്കു കുറഞ്ഞ പലിശയ്ക്കു വായ്പ നൽകാനായി കൃഷി-കാർഷിക സഹകരണബാങ്കിന് 208 കോടി രൂപയും അനുവദിച്ചു. റബർ സംഭരണത്തിന് 4000 കോടി രൂപയും ഭരണകൂടം നീക്കിവെച്ചു.

മലേഷ്യയും റബർ കർഷകർക്കു ചില സഹായ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. മൂന്നിലൊന്നോളം കർഷകർ ടാപ്പിംഗ് നിർത്തിയശേഷമാണ് മലേഷ്യൻ സർക്കാർ സഹായവുമായി രംഗത്തുവന്നത്. ഒന്നര ഡോളറിൽ താഴ്ത്തി റബർ വിൽക്കരുതെന്നു തായ്‌ലന്റ്, ഇന്തോനേഷ്യ, മലേഷ്യ, വിയറ്റ്നാം, കംബോഡിയ എന്നീ തെക്കുകകിഴക്കൻ ഏഷ്യൻ രാജ്യങ്ങളും ശ്രീലങ്കയും കർഷകരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. നമ്മുടെ അവസ്ഥയോ? കേന്ദ്രസർക്കാർ ഒന്നുമറിയാത്തവനേപ്പോലെ നിന്ന് ആട്ടം കാണുന്നു. പിച്ചക്കാശുപോലെ രണ്ടുരൂപ വച്ചുനീട്ടി സംസ്ഥാന സർക്കാർ. എന്നിട്ടും ഒന്നും സംഭവിച്ചില്ല. 5 രൂപ പ്രഖ്യാപിച്ചു, ഉത്തരവ് ഇറക്കിയിട്ടില്ല, നാളിതുവരെ നടപ്പിലാക്കിയിട്ടുമില്ല. **"ഇരുമ്പുദണ്ഡു വിഴുങ്ങിയവർക്ക് ചുക്കുകഷായം" എന്നതാണ് നമ്മുടെ സർക്കാർ നയവും നടപടിയും.** തായ്‌ലൻഡിലെ ഏകാധിപത്യ പട്ടാള ഭരണാധികാരികളേക്കാൾ അതിക്രൂരന്മാരാണല്ലോ, ഈ ജനാധിപത്യരാജ്യം ഭരിക്കുന്നതെന്ന് തോന്നിപ്പോകുന്നു.

കേന്ദ്രസർക്കാരിന്റെ നിസംഗതയുടേയും, സംസ്ഥാന സർക്കാരിന്റെ നിരുത്തരവാദിത്വത്തിന്റെയും ബലിയാടുകളായി കർഷകരിന്നു മാറിയിരിക്കുന്നു. റബർ കർഷകരുടെ പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരം കാണണമെന്നതുൾപ്പെടെ കേന്ദ്രസർക്കാരിന്റെ മുമ്പിൽ 18 ആവശ്യങ്ങളടങ്ങുന്ന നിവേദനവുമായി മുഖ്യമന്ത്രിയും സംസ്ഥാനത്തെ 8 മന്ത്രിമാരും ഡൽഹിയിൽ കൂടിക്കാഴ്ച നടത്തിയത് പരിഹാസപൂർവ്വം മാത്രമേ കാണാനാവൂ. കഴിഞ്ഞ പത്ത് വർഷക്കാലം ഉൾപ്പെടെ പതിറ്റാണ്ടുകൾ കേന്ദ്രം ഭരിച്ച കോൺഗ്രസ് നേതൃത്വസർക്കാരിന്റെ ജനദ്രോഹനിലപാടിന്റെ ബാക്കി പത്രമാണ് ഇന്നത്തെ ഈ കാർഷിക മേഖലയിലെ തകർച്ചയെന്നറിയാൻ ഡോക്ടറേറ്റും സാമ്പത്തിക വൈദഗ്ദ്ധ്യവും വേണ്ട; മറിച്ച്, സാമാന്യബുദ്ധി മതി. **കഴിഞ്ഞ 5 വർഷക്കാലം കേന്ദ്രമന്ത്രിസഭയിലെ രണ്ടാമനുൾപ്പെടെ 8 മന്ത്രിമാർ കേരള സംസ്ഥാനത്തുനിന്ന് കേന്ദ്രം ഭരിച്ച് രാജ്യവും ലോകവും ചുറ്റിയടിച്ചുനടന്നിട്ട് മണ്ണിൽ പണിയെടുക്കുന്ന ഈ മക്കൾക്ക് കഷ്ടകാലവും കണ്ണീരും വെച്ചുവിളമ്പി തന്നതല്ലാതെ എന്തു നേടിത്തന്നു?** പരിസ്ഥിതി മൗലികവാദത്തിന്റെ മറവിൽ മലയോര കാർഷിക മേഖലയെ വിദേശശക്തികൾക്ക് വിലപറഞ്ഞുകൊടുത്തവർക്ക്, പിറന്നുവീണ മണ്ണിൽ ജീവനും ജീവിതവും നഷ്ടപ്പെട്ട് ചങ്കുപൊട്ടുന്നവന്റെ അവസ്ഥ ഇനി എന്നു മനസ്സിലാകും?

സർക്കാർ നയങ്ങളെല്ലാം വൻകിട കോർപ്പറേറ്റുകൾക്കുവേണ്ടിയാണ്. സാധാരണക്കാരെ പിഴിഞ്ഞെടുക്കുന്ന ക്രൂരമായ നടപടി; **പരൽമീനുകളെ കൊന്ന് വമ്പൻ സ്രാവുകൾക്ക് ഇട്ടുകൊടുക്കുന്ന കിരാതമായ പ്രവർത്തനശൈലി. തെരഞ്ഞെടുപ്പുവേളകളിൽ ഈ നേതൃത്വങ്ങൾ തുത്തുകുണുക്കി പക്ഷികളേപ്പോലെ ജനങ്ങളുടെ മുന്നിലേയ്ക്കു വരും. അപാരതൊലിക്കട്ടിയുടെ ഉടമകൾ.** പക്ഷികളേയും പറവകളേയും പരിസ്ഥിതിയേയും സ്നേഹിച്ചും ശുശ്രൂഷിച്ചും ഹൃദയത്തിനുള്ളിൽ കളങ്കമില്ലാത്ത കർഷകൻ ഇക്കൂട്ടരുടെ ചതിക്കുഴികളിലും മോഹവലയത്തിലും പിന്നെയും വീഴും; ഇതാണവസ്ഥ. **പേപ്പട്ടിയേപ്പോലെ എക്കാലവും ആട്ടും കല്ലേറുമേറ്റ് അലഞ്ഞുകഴിയാതെ ഒരുദിവസമെങ്കിൽ ഒരു ദിവസം സിംഹത്തേപ്പോലെ ഗർജിച്ചുജീവിക്കുവാൻ കർഷകനാകണം.** വിലപറഞ്ഞ് ജീവിക്കുവാൻ സാധിക്കണം. അതിനുവേണ്ടത് സംഘടനാബോധവും സംഘടിതശക്തിയുമാണ്. **തന്നെ വീതംവച്ചെടുത്തിരിക്കുന്നവരുടെ മുഖത്തുനോക്കി വോട്ടിനുപകരം ആട്ടുകൊടുക്കുവാൻ സാധിച്ചാൽ കർഷകൻ രക്ഷപെടും.**

അതിജീവനത്തിനുള്ള പോരാട്ടം നാളെ നിയന്ത്രണരേഖ മറികടന്ന് ഭരണനേതൃത്വങ്ങളും ജനാധിപത്യസംവിധാനവും വെല്ലുവിളികളെ നേരിടുന്ന സാഹചര്യമുണ്ടാകാം. ഭരണകൂടങ്ങളുടെ നിഷേധസമീപനങ്ങളിൽ നിന്നാണ് നിയമങ്ങളുടെ ലംഘനങ്ങൾ രൂപപ്പെടുന്നത് എന്നതിന് ഒട്ടേറെ ഉദാഹരണങ്ങൾ നമുക്കുചുറ്റുമുള്ളത് വിസ്മരിച്ചുകൂടാ.

**ഷെവലിയർ വി.സി.സെബാസ്റ്റ്യൻ**
**ചീഫ് എഡിറ്റർ**

# പ്രിയപ്പെട്ട റയ്ഹാനയ്ക്ക് കണ്ണീർ പ്രണാമം!!!

## എന്റെ ഉമ്മാ, ഈ ശരീരം മണ്ണിൽ അഴുകുവാൻ അനുവദിക്കരുതേ..

ഇറാനിലെ മനുഷ്യാവകാശപ്രവർത്തകർ പുറത്തുവിട്ട, റയ്ഹാന അമ്മയ്ക്ക് പങ്കുവെച്ച വെളിപ്പെടുത്തലുകളുടെ മലയാള പരിഭാഷ ഇതിനോടകം പലമാധ്യമങ്ങളും പ്രസിദ്ധീകരിച്ചത് ലെയ്റ്റി വോയ്സും ഉം ഇവിടെ ആവർത്തിക്കുന്നു. ക്രൈസ്തവ പ്രസിദ്ധീകരണമായ ലെയ്റ്റിവോയ്സിൽ ഇതിന്റെ പ്രസക്തിയെന്തെന്ന് ഒരു പക്ഷേ നിങ്ങൾ ചിന്തിക്കാം. അവയവദാനത്തിന്റെ അംബാസഡറെ, അമ്മയുടെ പ്രിയപ്പെട്ട മകളെ, പറയുവാൻ വാക്കുകൾ കിട്ടാത്ത ഹൃദയസ്പർശിയായ ഒട്ടേറെ നന്മകളുടെ വിളനിലമായ പ്രിയപ്പെട്ട കണ്ണീരിന്റെ പുത്രിയെ നമുക്കെങ്ങനെ തള്ളിക്കളയാനാകും?

### റയ്ഹാനയുടെ കത്തിന്റെ മലയാളം പരിഭാഷ:

*“ ഇന്ന് നിയമത്തെ അഭിമുഖീകരിക്കേണ്ട എന്റെ ഊഴം വന്നുവെന്ന് ഞാൻ തിരിച്ചറിയുന്നു. എന്റെ ജീവിതത്തിന്റെ അവസാനനാളുകൾ എത്തിച്ചേർന്നുവെന്ന് എന്തുകൊണ്ട് നിങ്ങളെന്നെ അറിയിച്ചില്ല. ഞാനത് അറിയേണ്ടതായിരുന്നില്ലേ? ഉമ്മ വിഷമിക്കുന്നുവെന്നറിയുന്നതിൽ ഞാൻ ദുഃഖിതയാണ്. എന്തുകൊണ്ട് ഉമ്മയുടെയും പിതാവിന്റെയും കൈകളിൽ മുത്തമിടാൻ എനിക്ക് അവസാനമായി ഒരവസരം*



*ണെന്നും ഓരോ ജന്മവും ഓരോ ഉത്തരവാദിത്വങ്ങൾ നിറവേറ്റാനായി സൃഷ്ടിക്കപ്പെട്ടതാണെന്നും. ചില സന്ദർഭങ്ങളിൽ ഒരാൾ പോരാടുക തന്നെ ചെയ്യേണ്ടതുണ്ടെന്ന് ഇപ്പോൾ ഞാൻ പഠിച്ചിരിക്കുന്നു. പൊതുസ്ഥലങ്ങളിൽ പെരുമാറേണ്ടതിനെക്കുറിച്ച് എത്രമാത്രം പറഞ്ഞുതന്നിരിക്കുന്നു. എന്നാൽ ഉമ്മയുടെ അനുഭവങ്ങൾ തെറ്റായിരുന്നു. ഈ സംഭവത്തോടെ ഞാൻ പഠിച്ച കാര്യങ്ങളൊന്നും എന്നെ സഹായിക്കാനുണ്ടായിരുന്നില്ല. തണുത്ത രക്തത്തോടെ കൊലപാതകിയായും, ക്രൂരയായ ക്രിമിനലായും ഞാൻ കോടതിയിൽ ചിത്രീകരിക്കപ്പെട്ടു. ഒരു തുള്ളി കണ്ണീർപോലും ഉതിർത്തില്ല. യാചിച്ചി*

*ഏകാന്ത തടവിലാക്കി. പക്ഷെ ഇതൊന്നും കേട്ട് എന്റെ ഉമ്മ കരയരുത്. പോലീസ് ഓഫീസിലെ ആദ്യദിവസം തന്നെ എന്റെ സുന്ദരമായ നഖങ്ങൾ കണ്ട് അവരെന്നെ വേദനിപ്പിച്ചു. അന്നെനിക്കു മനസിലായി ഈ ലോകത്ത് സൗന്ദര്യത്തിന് സ്ഥാനമില്ലെന്ന്. നോട്ടത്തിന്റെയോ സൗന്ദര്യത്തിലോ,സുന്ദരമായ കൈയ്യെഴുത്തിലോ, സുന്ദരമായ കണ്ണിലോ, കാഴ്ചയിലോ ഒന്നും കാര്യമില്ല.*

*എന്റെ കാഴ്ചപ്പാടുകളെല്ലാം ഇപ്പോൾ മാറിയിരിക്കുന്നുവെന്ന് എന്റെ പ്രിയപ്പെട്ട ഉമ്മ മനസിലാക്കണം. പക്ഷേ അതിന് ഒരിക്കലും നിങ്ങൾ ഉത്തരവാദിയല്ല. എന്റെ വാക്കുകൾ അവസാനിപ്പിക്കാൻ കഴിയുന്നില്ല. എല്ലാം ഞാൻ ഒരാളിന് കൊടുത്തിട്ടുണ്ട്. ഉമ്മ അറിയാതെയോ ഉമ്മയുടെ സാന്നിധ്യത്തിലല്ലാതെയോ ഞാൻ വധിക്കപ്പെട്ടാൽ അതെല്ലാം ഉമ്മയ്ക്ക് നൽകും. എന്റെ കയ്യെഴുത്തിനാലുള്ള ഒട്ടേറെ കാര്യങ്ങൾ പൈതൃകമായി ഞാൻ ഉമ്മയ്ക്കു ബാക്കിവെച്ചിട്ടുണ്ട്.*

*എങ്ങനെയായിരുന്നാലും എന്റെ മരണത്തിനുമുമ്പ് എനിക്ക് ഉമ്മയിൽനിന്ന് ചില കാര്യങ്ങൾ വേണം. ഉമ്മയുടെ എല്ലാ കഴിവും ഉപയോഗിച്ച് അവ എനിക്കു ചെയ്തുതരണം. ഈ*

**കൗമാരം കശക്കിയെറിഞ്ഞ് മാനഭംഗപ്പെടുത്തിയ മുൻ രഹസ്യാന്വേഷണ മന്ത്രാലയം ഉദ്യോഗസ്ഥനെ കൊലപ്പെടുത്തിയ കുറ്റമാരോപിച്ച് കൽത്തുറുങ്കിലടയ്ക്കപ്പെട്ടപ്പോഴും, കിരാത നിയമങ്ങൾ കൊലയ്ക്ക് കൊടുത്തപ്പോഴും 19 വയസിന്റെ നിർമ്മലതയിൽ ജീവിതം തകർന്നുവീണ ഇറാൻകാരി റയ്ഹാന ജബ്ബാരി. ലോകത്തിന്റെ മനസാക്ഷിയുടെ മുമ്പിൽ ചോദ്യചിഹ്നമായി റയ്ഹാന മാറുമ്പോൾ, എന്റെ ഈ കൈകൾക്ക് എങ്ങനെ ഒരാളെ കൊല്ലാൻ കഴിയുമെന്ന് ഹൃദയംപൊട്ടി ഏങ്ങലടിച്ചുള്ള വാക്കുകൾ, സ്നേഹവും സന്തോഷവും മറ്റുള്ളവർക്കു പങ്കുവെച്ച് ജീവിക്കണമെന്ന് മകളെ പഠിപ്പിച്ച അമ്മയ്ക്കുപോലും ചങ്കു പൊട്ടുന്നു.**

*നൽകിയില്ല? ലോകം എന്നെ 19 വർഷം ജീവിക്കാൻ അനുവദിച്ചു. ആ രാത്രി ഞാൻ മരിക്കേണ്ടതായിരുന്നു. എന്റെ മൃതദേഹം നഗരത്തിന്റെ ഏതെങ്കിലും കോണിൽ വലിച്ചെറിയപ്പെടുമായിരുന്നു. കുറച്ച് ദിവസങ്ങൾക്കുശേഷം എന്റെ മൃതദേഹം തിരിച്ചറിയാൻ ഉമ്മ വിളിപ്പിക്കപ്പെടുമ്പോൾ ഞാൻ ക്രൂരമായി മാനഭംഗത്തിനിരയായി കൊല്ലപ്പെട്ട വിവരം ഉമ്മ തിരിച്ചറിയുമായിരുന്നു. നമുക്ക് പണവും അധികാരവുമില്ലാത്തതിനാൽ കൊലപാതകിയെ ഒരിക്കലും കണ്ടെത്താനാകുകയില്ലായിരുന്നു. തുടർന്ന് നിങ്ങൾ നാണക്കേടിലും ദുഃഖത്തിലും ജീവിച്ചു കുറച്ചുനാൾക്കകം മരിക്കുമായിരുന്നു. എന്നാൽ എന്റെ പ്രവൃത്തികൊണ്ട് കഥ മാറിമറിഞ്ഞു. എന്റെ ശരീരം നഗരത്തിൽ വലിച്ചെറിയപ്പെട്ടില്ല. പകരം എവിൻ ജയിലിലെ ഏകാന്തമായ മുറിയിലേയ്ക്ക് വലിച്ചെറിയപ്പെട്ടു. ഇപ്പോൾ ശഹർ ഇ റെയിലെ ശവക്കല്ലറയ്ക്ക് സമാനമായ മുറിയിലേയ്ക്കും. എന്നാൽ ഞാനിത് പരാതികളില്ലാതെ വിധിക്കും വിടുന്നു. മരണം ജീവിതത്തിന്റെ അവസാനമല്ലെന്ന് നിങ്ങൾക്കറിയാമല്ലോ.*

*ഉമ്മ എന്നെ പഠിപ്പിച്ചിട്ടില്ലേ ഒരാൾ ഈ ജീവിതത്തിലേയ്ക്ക് വരുന്നത് അനുഭവങ്ങൾ നേടാനും ഓരോ പാഠങ്ങൾ പഠിക്കുവാനുമാ*

*ല്ല. തലകുമ്പിടുകയോ ചെയ്തില്ല കാരണം എനിക്ക് നിയമത്തിൽ വിശ്വാസമുണ്ടായിരുന്നു.*

*പക്ഷേ, എന്നെ കുറ്റക്കാരിയായി ചുമത്തി. ഉമ്മയ്ക്കറിയില്ലേ, ഞാനൊരു കൊതുകിനെപ്പോലും ഇതുവരെ കൊന്നിട്ടില്ല. അടുത്തുവരുന്ന പാറ്റകളെപ്പോലും അവയുടെ കൊമ്പിൽ പിടിച്ച് കളയുകയല്ലേ ചെയ്യാറുള്ളത്. എന്നാൽ ഇപ്പോൾ ഞാൻ മുൻകൂട്ടി ആസൂത്രണം ചെയ്ത ഒരു കൊലപാതകിയായിരിക്കുകയാണ്. നീതിപാലകരിൽ നിന്ന് നീതി പ്രതീക്ഷിക്കുന്നയാൾ എത്രമാത്രം ശുഭാപ്തിവിശ്വാസിയായിരിക്കും. എന്നിൽ ഈ രാജ്യത്തെക്കുറിച്ച് സ്നേഹം നിറച്ച രാജ്യത്തിനുതന്നെ എന്നെ വേണ്ട. എതിർഭാഗം വക്കീലിൽനിന്ന് ഏറ്റവും മോശപ്പെട്ടവാക്കുകൾ കേട്ട് ഞാൻ കരയുമ്പോഴും ആരും എന്നെ പിന്തുണയ്ക്കാനുണ്ടായിരുന്നില്ല.*

*പോളീഷ് ചെയ്ത് സുന്ദരമാക്കിയിരുന്ന എന്റെ നഖങ്ങൾ ഒരു കൊലപാതകിയുടേതല്ലെന്നും എന്റെ കൈകൾ മൃദുവാണെന്നും എന്തുകൊണ്ട് ഒരു ജഡ്ജി മനസിലാക്കിയില്ല. ഉമ്മ സ്നേഹിച്ചിരുന്ന ഈ രാജ്യത്തിന് എന്നെ വേണ്ടായിരുന്നു. എന്റെ ശരീരത്തിലെ സൗന്ദര്യത്തിന്റെ അവസാനത്തെ ശേഷിപ്പായ മുടി വടിച്ച് പതിനൊന്ന് ദിവസം അവരെന്നെ*

*രാജ്യത്തുനിന്നും ഈ ലോകത്തുനിന്നും ഉമ്മയിൽനിന്നും ഇനി അതുമാത്രമാണ് എനിക്കു വേണ്ടത്. എനിക്കറിയാം അതിന് ഉമ്മയ്ക്ക് സമയം ആവശ്യമായിരിക്കും. എന്റെ വിൽപത്രത്തിന്റെ ഒരു ഭാഗം ഉമ്മയെ അറിയിക്കും. പക്ഷേ അതുകണ്ട് ഉമ്മ ഒരിക്കലും കണ്ണീർ പൊഴിക്കരുത്. ഉമ്മ കോടതിയിൽ പോയി അവരെ എന്റെ അപേക്ഷ ബോധിപ്പിക്കണം. ജയിലിനകത്തുവച്ച് എനിക്ക് അത്തരം ഒരു എഴുത്ത് എഴുതാൻ ജയിൽ മേധാവി അനുവദിക്കില്ല. അതിനാൽ ഒരിക്കൽക്കൂടി ഉമ്മ ഞാൻ മൂലം വിഷമിക്കേണ്ടിവരികയാണ്. ഇതിനുവേണ്ടി ഉമ്മ അവർക്കു മുന്നിൽ യാചിച്ചാലും ഞാൻ ഒന്നും പറയില്ല.*

*എന്റെ എത്രയും പ്രിയപ്പെട്ട ഉമ്മ എനിക്കുവേണ്ടി ചെയ്യേണ്ടത് ഇതാണ്: മണ്ണിനടിയിൽ ചീഞ്ഞളിയാൻ എനിക്കു താല്പര്യമില്ല. എന്റെ കണ്ണുകളും ഹൃദയവും ഒന്നും മണ്ണായിത്തീരരുത്. അതിനാൽ എന്റെ ഹൃദയവും വൃക്കയും കണ്ണുകളും എല്ലുകളും തുടങ്ങി എന്തെല്ലാം എന്റെ ശരീരത്തിൽ നിന്നെടുക്കാമോ അവയെല്ലാം ആവശ്യമുള്ളവർക്ക് എന്റെ സമ്മാനമായി നൽകണം. പക്ഷേ അവ സ്വീകരിക്കപ്പെടുന്നവർ ആരും എന്റെ പേര് അറിയുകയോ*

(ശേഷം അടുത്ത പേജിൽ)

എനിക്കുവേണ്ടി ബൊക്കെ സമർപ്പിക്കുകയോ പ്രാർത്ഥിക്കുകയോ പോലും ചെയ്യരുതെന്ന് എനിക്ക് നിർബന്ധമുണ്ട്. എന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നാണ് ഞാനിതു പറയുന്നത്. നിങ്ങൾക്ക് വന്നിരുന്ന് പ്രാർത്ഥിക്കാനോ കരയാനോ ഒരു കല്ലറപോലും എനിക്കുവേണ്ടി ഉണ്ടാക്കരുത്. ഞാൻ മരിച്ചതിൽ ദുഃഖം ആചരിച്ച് ഉമ്മ കറുത്ത വസ്ത്രം പോലും ധരിക്കരുത്. എന്റെ കഠിനപ്പെട്ട ദിവസങ്ങൾ മറക്കാനായി ഉമ്മ ആവുന്നതെല്ലാം ചെയ്യണം. കാറ്റിൽ പറക്കാനായി എന്നെ വിടൂ..

*ലോകം നമ്മെ സ്നേഹിക്കുന്നുല്ല. അതിന് എന്റെ വിധി ആവശ്യമില്ല. അത് ഞാൻ ത്യജിച്ച് മരണത്തെ പുൽകുകയാണ്. ദൈവത്തിന്റെ കോടതിയിൽ എന്നെ കുറ്റക്കാരിയാക്കിയ ഇൻസ്പെക്ടർമാരെയും നീതിപാലകരെയും എന്നെ ക്രൂരമായി പീഡിപ്പിച്ച സുപ്രീംകോടതി ജഡ്ജിമാരെയുമെല്ലാം പ്രതികളാക്കും. എന്റെ അവകാശങ്ങൾ ചവിട്ടിമെതിക്കപ്പെട്ടതിനും എന്നെ കുറ്റക്കാരിയാക്കിയതിനും യാഥാർത്ഥ്യത്തിൽ നിന്ന് വളരെ അകലെയായതിനും ഞാൻ അവരെ ദൈവത്തിന്റെ കോടതിയിൽ വിസ്തരിക്കും.*

*പ്രിയപ്പെട്ട ഉമ്മാ, മറ്റൊരു വാക്കിൽ പറഞ്ഞാൽ ആ ലോകത്ത് ഞാനും ഉമ്മയുമാവും കുറ്റംചുമത്തുന്നവർ. ബാക്കിയുള്ളവരെല്ലാം കുറ്റം ചെയ്തവരാകും. ദൈവം എന്താണ് നിശ്ചയിക്കുന്നതെന്ന് നമുക്കു കാണാം. മരണം വരെ ഉമ്മയെ പുണർന്നിരിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഉമ്മയെ ഞാൻ വല്ലാതെ സ്നേഹിക്കുന്നു...”*

# ഇതു ഞങ്ങളുടെ മണ്ണ് ഞങ്ങൾക്കിവിടെ ജീവിക്കണം;

## ചാവേറുകളും ആത്മഹത്യാ സ്ക്വാഡുമായി പൊരുതി മരിക്കാൻ യുദ്ധ മുന്നണിയിൽ കുർദിഷ് വനിതകൾ

ഇസ്ലാമിക് സ്റ്റേറ്റ് ഭീകരർക്കെതിരെ അവസാന പോരാട്ടത്തിലാണ് കുർദ്ദിഷ് വനിതകൾ. അമേരിക്കയും, ബ്രിട്ടണും ഉൾപ്പെടെ വിവിധ രാജ്യങ്ങൾ വന്ന് രക്ഷിക്കുമെന്ന് വീമ്പിളക്കിയെങ്കിൽ ആരും സഹായമില്ലാത്ത അവസ്ഥയിൽ സ്വയം രക്ഷയ്ക്കായി തോക്കുകളും, ബോംബുകളും എടുത്തുപയോഗിക്കുക മാത്രമല്ല, ആത്മഹത്യാ സ്ക്വാഡുകളായി മാറി മരിച്ചുവീഴുന്ന ധീരവനിതകൾ!! സ്വന്തം മതത്തിനുവേണ്ടി മറ്റു സകലരേയും കൊന്നൊടുക്കിയാൽ സ്വർഗം കിട്ടുമെന്ന് സ്വപ്നം കണ്ടവർക്ക് സ്ത്രീകളുടെ കൈകളാൽ മരിക്കുന്നത് സഹിക്കുന്നതല്ല. സിറിയൻ നഗരത്തിൽ സ്വയം ചാവേറായി പൊട്ടിത്തെറിച്ച് പത്തുഭീകരരെ വകവരുത്തിയ രണ്ടുമക്കളുടെ അമ്മയായ അരിൻ മിർകൻ, കുർദിഷ് വനിതകളുടെ അഭിമാനമാണ്. കുർദിഷ് സേനയായ പീപ്പിൾസ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ വനിതാ വിഭാഗത്തിൽ പതിനായിരത്തിലേറെ അംഗങ്ങളുണ്ട്. മിർകാൻ നടത്തിയ ആത്മഹത്യാ ബോംബാക്രമണം ഭീകരരുടെ മുന്നേറ്റത്തിന് തടയിട്ടെന്നും ഈ ധീരത തങ്ങളുടെ പ്രതിരോധത്തിന് ആവേശമാണെന്നും കുർദിഷ് സേന പ്രതികരിച്ചു. അതിനിടെ വനിതാ പോരാളി സംഘത്തിലെ ഒരു 19 കാരി ഭീകരുടെ പിടിയിലാകുമെന്നുറപ്പായതോടെ ആത്മഹത്യ ചെയ്തതായും റിപ്പോർട്ടുകളുണ്ട്. കുർദിഷ് ഭൂരിപക്ഷപ്രദേശമായ സിറിയൻ നഗരമായ കൊബെയ്നിൽ ഭീകരർ നടത്തിയ മുന്നേറ്റത്തിനിടെയാണ് സംഭവം. പൊരുതിനിന്ന കൗമാരക്കാരി തന്റെ പക്കലുള്ള വെടിയുണ്ട തീർന്നപ്പോൾ ഐഎസ് ഭീകരരുടെ പിടിയിലായി ബലാത്സംഗത്തിനും പീഡനങ്ങൾക്കും ഇരയാകുന്നതിനു പകരം കയ്യിലുണ്ടായിരുന്ന അവസാന വെടിയുണ്ട ഉപയോഗിച്ച് സ്വയം വെടിവെയ്ക്കുകയായിരുന്നുവെന്നാണ് റിപ്പോർട്ടുകൾ. കഴിഞ്ഞയാഴ്ച ഏഴ് പുരുഷന്മാരും മൂന്ന് സ്ത്രീകളുമടക്കം പത്തുപേരെ ഭീകരർ തലയറുത്ത് ക്രൂരമായി കൊന്നതിനുശേഷമാണ് ഇവിടെ പോരാട്ടം ശക്തമാക്കിയത്. ഈ നഗരത്തിലെ ഇസ്ലാമിക് സ്റ്റേറ്റ് ഭീകരരുടെ മുന്നേറ്റത്തിനെതിരെ അമേരിക്കൻ സേന നടത്തുന്ന വ്യോമാക്രമണങ്ങൾ വേണ്ടത്ര ഫലം ചെയ്യുന്നില്ലെന്ന് കുർദിഷ് സൈനികർ പറയുന്നു. ചാവേർ സംഘത്തിലെ മിക്ക സ്ത്രീകളും മെഷീൻ ഗണ്ണുമായാണ് പോരാടുന്നത്. മെഡിക്കൽ വിദ്യാർത്ഥിയായ നെസ്രിനും യുദ്ധഭൂമിയിലാണ്. അമേരിക്കയുടെയും സഖ്യ



കക്ഷികളുടെയും നിസംഗനിലപാടുകൾ കൂടുതൽ അപകടത്തിലേയ്ക്ക് പോകുന്നുവെന്നാണ് പൊതുവെ അഭിപ്രായം. പുരുഷന്മാരെയും കുഞ്ഞുങ്ങളെയും കൊന്നൊടുക്കി സ്ത്രീകളെ തടങ്കലിൽ പാർപ്പിച്ച് ദുരുപയോഗം നടത്തുന്ന കാടത്തമാണ് ഭീകരപ്രസ്ഥാനങ്ങൾ ഇപ്പോൾ നടത്തുന്നതെന്നാണ് സിറിയയിൽ നിന്നുള്ള റിപ്പോർട്ടുകൾ. ഐക്യരാഷ്ട്ര സംഘടനയ്ക്കു പോലും വെറുതെ നോക്കിനിൽക്കുവാൻ മാത്രമേ സാധിക്കുന്നുള്ളൂ. വലിയ കൂട്ടക്കൊലയ്ക്കുള്ള സാധ്യതകളുമുണ്ട്. 1995 ലെ ബോസ്നിയൻ കൂട്ടക്കൊലയുടെ നടുക്കുന്ന ചിത്രം ലോകജനതയുടെ മുന്നിലുണ്ട്.

സ്ത്രീപുരുഷ സമത്വം തെളിയിക്കാൻ കൂടിയാണ് കുർദിഷ് വനിതകൾ പോരാട്ടത്തിനിറങ്ങിയതെന്നാണ് നെസ്രിൻ പറയുന്നത്. സിറിയൻ കുർദിഷ് ആർമിയിൽ ഏകദേശം 10000 വനിതാ പോരാളികളുണ്ടെന്നും ഇത് ആർമിയുടെ കാൽഭാഗം വരുമെന്നും അവർ വ്യക്തമാക്കുന്നു. പോരാട്ടത്തിനായി സ്ത്രീ പോരാളികളെ റിക്രൂട്ട് ചെയ്യുകയെന്നത് ഇവിടെ നിർബന്ധമുള്ള കാര്യമാണ്. പോരാട്ടം കുർദിഷ് വനിതകളുടെ രക്തത്തിലുള്ള ആവേശമാണ്. 1930 മുതൽ അവർ പോരാട്ടരംഗത്തുണ്ട്. ഇതിൽ മിക്ക വനിതാപോരാളികളും പ്രഫഷണലായി സൈനികരല്ല. ഇതിൽ മിക്കവരും വിദ്യാർത്ഥികളും ജോലിചെയ്യുന്നവരും വീട്ടമ്മമാരുമാണെന്ന് കുർദിഷ് ആക്ടിവിസ്റ്റായ ഹാറ്റിസ് സെവിക് പറയുന്നു. കൊബാനിലെ വനിതകൾ അവരുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയാണിപ്പോൾ പോരാട്ടത്തിനിറങ്ങിയിരിക്കുന്നതെന്നും ഹാറ്റിസ് പറയുന്നു.

## ഐഎസ് ക്രൂരത വീണ്ടും; പിഞ്ചുകുഞ്ഞിന്റെ തലവെട്ടി

ലണ്ടൻ: തുർക്കി അതിർത്തിയിലുള്ള സിറിയൻ നഗരമായ കൊബാനിയിൽ ഏതാനും മാസം മാത്രം പ്രായമുള്ള പെൺകുഞ്ഞിനെ ഐഎസ് ഭീകരർ ശിരച്ഛേദം ചെയ്തതായി റിപ്പോർട്ട്. യുദ്ധത്തിൽ കൊല്ലപ്പെട്ട ഐഎസ് ഭീകരരുടെ മൊബൈലിൽനിന്ന് കുർദ് സൈനികരാണ് ശിരച്ഛേദത്തിന്റെ ഫോട്ടോ കണ്ടെടുത്തതെന്ന് ഡെയിലി സ്റ്റാർ റിപ്പോർട്ടു ചെയ്തു. കുർദ് സൈനികരും ഐഎസും ഇവിടെ രൂക്ഷ പോരാട്ടത്തിലാണ്. കൊല്ലപ്പെട്ട ചിലരുടെ തലകൾ ഐഎസ് തട്ടിക്കളിക്കുന്നതിന്റെ ഫോട്ടോയും കിട്ടിയെന്ന് റിപ്പോർട്ടിൽ പറഞ്ഞു.

സിറിയയിലെ ഹമാ പ്രവിശ്യയിൽ ഒരു സ്ത്രീയെ കല്ലെറിഞ്ഞുകൊല്ലുന്നതിന്റെ വീഡിയോയും ഐഎസ് ഭീകരർ പുറത്തുവിട്ടു. വ്യഭിചാരക്കുറ്റം ആരോപിച്ചാണ് ശിക്ഷ നൽകിയത്. പിതാവു തന്നെ മകളെ വധസ്ഥലത്തേക്കു കൊണ്ടുപോകുന്നതും ഐഎസ് ഭീകരർ അവളെ കല്ലെറിഞ്ഞുകൊല്ലുന്നതും അഞ്ചുമിനിറ്റ് ദൈർഘ്യമുള്ള വീഡിയോയിൽ ചിത്രീകരിച്ചിട്ടുണ്ട്.

സിറിയയിലെ റാഖായിൽ ജൂലൈയിൽ വ്യഭിചാരക്കുറ്റത്തിന് രണ്ടു സ്ത്രീകളെ ഇപ്രകാരം കല്ലെറിഞ്ഞുകൊല്ലുകയുണ്ടായി. സിറിയയിലും ഇറാക്കിലും ഏറെ സ്ഥലങ്ങൾ പിടിച്ച് ഖാലിഫേറ്റ് പ്രഖ്യാപിച്ച ഐഎസ് തങ്ങളുടെ അധീനതയിലുള്ള പ്രദേശങ്ങളിൽ കർക്കശ നിയമങ്ങൾ നടപ്പാക്കിവരികയാണ്.

ഇതിനിടെ, സിറിയയിൽ 60 വനിതകളുടെ സദാചാര പോലീസ് സംഘത്തെ ഐഎസ് വിന്യസിച്ചതായി ഫോക്സ് ന്യൂസ് റിപ്പോർട്ടു ചെയ്തു. ശരിയത്ത് പാലിക്കാത്ത വനിതകളെ നേരിടുകയാണ് ഈ സായുധ സംഘത്തിന്റെ ദൗത്യം. ശരീരഭാഗങ്ങൾ പുറത്തുകാണിക്കുന്ന രീതിയിലുള്ള വസ്ത്രധാരണം നടത്തുന്നവരുടെയും ആൺതുണയില്ലാതെ തെരുവിൽ നടക്കുന്നവരെയും സംഘം തല്ലിച്ചതയ്ക്കുകയും കസ്റ്റഡിയിലെടുക്കുകയും ചെയ്യും.

# വെള്ളം കുടിച്ചത് പ്രവാചക നിന്ദയായി; പാക്കിസ്ഥാനിൽ ക്രൈസ്തവ വീട്ടമ്മയ്ക്ക് വധശിക്ഷ

ഒരു ഗ്ലാസ് വെള്ളം കുടിച്ചതിന്റെ പേരിൽ പ്രവാചക നിന്ദ ആരോപിച്ച് വധശിക്ഷയ്ക്കുവിധിക്കപ്പെട്ട് ജയിലിൽ കഴിയുന്ന ആസിയ ബിബി എന്ന പാക്കിസ്ഥാൻകാരി വീട്ടമ്മയുടെ നാളുകൾ എണ്ണപ്പെടുന്നു. മതതീവ്രവാദികളുടെ ക്രൂരതയ്ക്കുമുന്നിൽ ജീവൻ നഷ്ടപ്പെടുന്ന അവസ്ഥയിൽ ലോകത്തിന്റെ സഹായത്തിനായി കേഴുകയാണ് ഭർത്താവ് ആഷിഖ് മാസിമും മക്കൾ ഇഷയും, മാസിയും. 2009-നാണ് കേസിനാസ്പദമായ സംഭവം. ക്രിസ്തുമതവിശ്വാസിയായതിനാൽ മറ്റുള്ളവർ വെള്ളം കുടിക്കുവാൻ ഉപയോഗിക്കുന്ന ഗ്ലാസ് ഇവർ ഉപയോഗിക്കുവാൻ പാടില്ലെന്നതായിരുന്നു ചില മത തീവ്രവാദികളുടെ നിലപാട്. ഇതാദ്യമായാണ് ഒരു സ്ത്രീയെ മതനിന്ദാനിയമം ആരോപിച്ച് വധശിക്ഷയ്ക്കു വിധിക്കുന്നത്. വേണ്ടത്ര സാക്ഷികൾ പോലുമില്ലാത്ത കേസിൽ വധശിക്ഷവിധിച്ചതിനെതിരെ ലോകത്തുടനീളം പ്രതിഷേധമുയരുകയാണ്. പരസ്പരവിരുദ്ധമാണ് പരാതി നൽകിയവരുടെ മൊഴികൾ. പലരും ജീവൻ പേടിച്ചാണ് പരാതിനൽകിയതും. മതനിന്ദാനിയമത്തിന്റെ മറവിൽ പാക്കിസ്ഥാനിൽ മതതീവ്രവാദികൾ സാധാരണ ജനങ്ങളോട് വ്യക്തിവിരോധം തീർക്കുന്നുവെന്ന് വിവിധ പൗരാവകാശ സംഘടനകൾ ആരോപിക്കുന്നു. 2009-ൽ പ്രവാചകനിന്ദ ആരോപിക്കപ്പെടുന്ന



ദിവസം ആസിയ ബിബിയെ ആക്രമിച്ചതുകൂടാതെ മതതീവ്രവാദികൾ രണ്ടു പെൺമക്കളെയും ക്രൂരമായി ആക്രമിച്ചു. അതിന്റെ നടുക്കത്തിൽ നിന്ന് മൂത്തമകൾ മാസിയെന്ന 14 കാരി ഇനിയും മുക്തയല്ല. അന്ന് ഒമ്പതുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന മാസി സ്കൂളിൽ നിന്നു വരുമ്പോൾ കണ്ടത് ജോലിചെയ്യാൻ പോയിരുന്ന വയലിൽവച്ച് അമ്മയെ ഒരു സംഘം ആളുകൾ ചേർന്ന് മർദ്ദിക്കുന്നതാണ്. അമ്മയുടെ വസ്ത്രമൊക്കെ അവർ കീറിയെറിഞ്ഞുവെന്നും മാസി പറയുന്നു. വീട്ടിലേയ്ക്ക് തിരിച്ചോടിയ മാസി അമ്മയ്ക്ക് അണിയാൻ വസ്ത്രങ്ങളുമായി തിരിച്ചുവന്നപ്പോൾ, ജനക്കൂട്ടം അവർ ഇരുവരേയും വീണ്ടും മർദ്ദിക്കാനായെത്തി. ആസിയയുടെയും മകളുടെയും വസ്ത്രങ്ങൾ അവർ കീറിയെറിഞ്ഞു. ഗ്രാമത്തിനു നടുവിലേയ്ക്ക് ആസിയയെ വലിച്ചിഴച്ചുകൊണ്ടുവന്ന് പിന്നെയും മർദ്ദിച്ചു. അരമണിക്കൂറിനുശേഷം പോലീസെത്തി അവരെ കൊണ്ടുപോകുകയും ചെയ്തു.

ബുദ്ധിവികാസമില്ലാത്ത തന്റെ മൂത്തമകൾ ഇഷയെയും ജനക്കൂട്ടം അന്ന് ആക്രമിച്ചതായി ആസിയയുടെ ഭർത്താവ് ആഷിഖ് മാസി പറഞ്ഞു. ഭാര്യയെ ജനക്കൂട്ടം ആക്രമിക്കുമ്പോൾ, ഒരു ബന്ധുവീട്ടിൽ പേടിച്ചുവിറച്ചിരിക്കുകയായിരുന്നു ആഷിഖ്. തന്നെ തെരുവിൽ കണ്ടിരുന്നെങ്കിൽ തല്ലിക്കൊല്ലുമെന്ന് ഉറപ്പുള്ളതിനാലാണ് അങ്ങനെ ചെയ്തതെന്ന് ആഷിഖ് പറയുന്നു. ആസിയയെ അറസ്റ്റ് ചെയ്താൽ പെൺമക്കൾക്ക് ആരുമില്ലാതാകുമല്ലോ എന്നു കരുതിയാണ് അന്ന് ഒളിച്ചിരുന്നതെന്നും ആഷിഖ് വെളിപ്പെടുത്തി.

ആസിയയെ സഹായിക്കാൻ രംഗത്തുവന്ന രണ്ടു പ്രമുഖ രാഷ്ട്രീയക്കാർ കൊല്ലപ്പെട്ടതോടെ നേരത്തെ ഈ സംഭവം ആഗോള തലത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. ഇവരിലൊരാളെ കൊലപ്പെടുത്തിയത് സ്വന്തം ബോഡിഗാർഡ് തന്നെയായിരുന്നു. കൊലയാളിയെ അഭിഭാഷകർ പുഷ്പവർഷം നടത്തിയാണ് കോടതിയിൽ വരവേറ്റത്. ഇയാൾക്കെതിരെ കൊലക്കുറ്റം ചുമത്തിയ ജഡ്ജിക്ക് ഒടുവിൽ നാടുവിടേണ്ടിയും വന്നു.

# യു.എസിൽ കൗമാരക്കാർ വീടും പഠനവും ഉപേക്ഷിച്ച് ഐ.എസിലേക്ക്



ഡെൻവർ; യു.എസിൽ കൗമാരക്കാർ വീടും പഠനവും ഉപേക്ഷിച്ച് ഐഎസിൽ ചേരുന്നതായി റിപ്പോർട്ടുകൾ. ഡെൻവറിലെ മൂന്ന് കൗമാരക്കാരികളാണ് വീട്ടുകാരുടെ പണവും മോഷ്ടിച്ച് തീവ്രവാദസംഘടനയിൽ ചേരാനായി ജെർമനിയിലേക്ക് പറന്നതെന്ന് എഫ്.ബി.ഐ അധികൃതർ പറഞ്ഞു.

പതിനേഴും, പതിനഞ്ചും വയസുള്ള സഹോദരിമാരെയും അവരുടെ പതിനാറുകാരിയായ സുഹൃത്തിനെയും വെള്ളിയാഴ്ച മുതൽ കാണാതാവുകയായിരുന്നു. വീട്ടിൽ നിന്നും 2000 ഡോളറും പാസ്പോർട്ടുമായി ഇവർ എവിടെയാണ് പോയതെന്നതിനെപ്പറ്റി വീട്ടുകാർക്കും അറിയില്ലായിരുന്നു. പതിനാറുകാരിയുടെ അച്ഛനോട് കുട്ടി ക്ലാസിൽ എത്തിയിട്ടില്ലെന്ന് സ്കൂളിൽ നിന്നും വിളിച്ചു പറഞ്ഞതോടെയാണ് കുട്ടികളുടെ തിരോധാനം സംബന്ധിച്ച് പൊലീസിൽ കേസ് കൊടുത്തത്. വീട്ടുകാരെ വെട്ടിച്ച് കടന്ന ഇവരെ ജർമനിയിലെ ഫ്രാങ്ക്ഫർട്ടിൽ വച്ച് എഫ്.ബി.ഐ ഏജന്റുമാർ തടയുകയും, തിരികെ കൊളറാഡോയിലെത്തിച്ച് വീട്ടുകാരെ ഏല്പിക്കുകയും ചെയ്തതായി എഫ്.ബി.ഐ വക്താവ് സൂസി പായ്നി പറഞ്ഞു.

പിടിക്കപ്പെടുന്നതിന് മുമ്പ് ഒരു ദിവസം മുഴുവനും ഫ്രാങ്ക്ഫർട്ടിലുള്ള വിമാനത്താവളത്തി കഴിഞ്ഞതായി പെൺകുട്ടികൾ ചോദ്യം ചെയ്യലിനിടെ എഫ്.ബി.ഐയോട് പറഞ്ഞു. തങ്ങൾ കുടുംബത്തിന് വേണ്ടിയാണ് ജർമനിയിലേക്ക് പോയതെന്നാണ് ഇവർ ഉദ്യോഗസ്ഥരോട് പറഞ്ഞത്. എന്നാൽ കൂടുതൽ കാര്യങ്ങൾ ഇവർ വ്യക്തമാക്കാൻ വിസമ്മതിച്ചു. അതേസമയം പെൺകുട്ടികൾക്ക് വീട്ടിൽ പ്രശ്നങ്ങളൊന്നുമില്ലെന്ന് വീട്ടുകാർ വ്യക്തമാക്കി.

# സിറിയൻ ഭീകരർ വൈദികനെയും 20 ക്രൈസ്തവരെയും തട്ടിക്കൊണ്ടുപോയി



ഡമാസ്കസ്: സിറിയയിലെ ക്നായെ ഇടവകയിൽനിന്നു വൈദികനെയും 20 ക്രൈസ്തവരെയും അൽക്വയ്ദ ബന്ധമുള്ള അൽനുസ്റ ഗ്രൂപ്പിലെ ഭീകരർ റാഞ്ചിയതായി ജറൂസലമിലെ ലാറ്റിൻ പാത്രിയർക്കേറ്റ് അറിയിച്ചു.

ഇഡ്‌ലിബ് പ്രവിശ്യയിലെ ക്രൈസ്തവ ഗ്രാമമാണ് ക്നായെ. തുർക്കി അതിർത്തിയിൽനിന്ന് എട്ടു കിലോമീറ്റർ അകലെയാണിത്. ഫ്രാൻസിസ്കൻ പുരോഹിതനായ ഫാ. ഹന്നാ ജലൂഫിനെയാണ് അക്രമികൾ റാഞ്ചിയതെന്ന് ആലപ്പോയിലെ ബിഷപ് ജോർജസ് അബുഖാസൻ പറഞ്ഞു. ഫാ. ഹന്നായുടെ ആശ്രമത്തിലുണ്ടായിരുന്ന സകലതും അക്രമികൾ കൊള്ളയടിച്ചു. 125 വർഷമായി ഫ്രാൻസിസ്കൻ സഭക്കാരാണ് ഈ ഇടവകയിൽ സേവനം അനുഷ്ഠിക്കുന്നത്.

# Indian Christian Community National Council

## Vincent H. Pala MP President
## Chevalier Adv V C Sebastian Secretary General


Vincent H. Pala, MP


Lion C Francis


Chev.V C Sebastian


Adv.Abraham Pattiyani


Cyril Sanju George


Davis Edakulathur

New Delhi: The Indian Christian Community National Council was reconstituted in its National Conference held at Delhi. Former Union Minister for State and Member of Parliament from Shillong, Meghalaya Mr. Vincent H. Pala is the newly elected president and Syro Malabar Church Commission for Laity, Secretary Chevalier Adv V C Sebastian is the Secretary General.

Other office bearers of the Indian Christian Community National Council are Mr. Lion C Francis Telangana, Vice President and Secretaries are Adv Abraham M Pattiyani, Member, Delhi Minorities Commission, Mrs. Maria Fernandez. Karnataka, and Mrs. Elsa Decruz, Maharastra. Mr. Cyril Sanju George, Delhi is the National Coordinator and Mr. Davis Edakulathur from Doha Qatar is elected as the International Coordinator. New office bearers will take up their office during the last week of November 2014 at Secunderabad, Telangana.

The National Council also formed an Advisory Board including leadership of top-rated laity leaders and scholars of Christian Community in India and abroad. It also has a 101 member National Working Committee with official representations from the various Christian denominations from different States.

Even though there are differences in liturgy and tradition, ICC is one of the common platforms for Indian Christians. Various Indian Christian organizations from different corners of the globe also now affiliated to ICC National Council.

National Coordinator Cyril Sanju George informed that, the aim of Indian Christian Community National Council is to bring cohesion in the various denominations of Christian faith and to strengthen them in a common platform by consolidating and giving a sense of belonging among them, so that the various denominations feel that they are one family, one stock with a glorious past, elegant present and dignified future. To spread the influence of Christian ideals and principals in Indian public life and to promote love, peace, unity and solidarity among the people all over the world through Christian endeavor, the Council will use appropriate communication media.

It will focus on collecting Christian's opinions on various issues faced from different corners and to make representations, to authorities and public bodies, in all matters affecting Christians and also to safeguard by all lawful means the legitimate rights, liberties and interests of the Christian community, particularly those guaranteed by the constitution of India said by the national coordinator.

# മോഡി സർക്കാർ അധികാരമേറ്റതിനുശേഷം ന്യൂനപക്ഷങ്ങൾക്കെതിരെ 600 – ൽ പരം ആക്രമണങ്ങൾ; റിപ്പോർട്ടുമായി "ജെസ"

നരേന്ദ്രമോഡി സർക്കാർ അധികാരമേറ്റതിനുശേഷം മെയ് മുതൽ സെപ്തംബർ വരെയുള്ള കാലഘട്ടത്തിൽ ന്യൂനപക്ഷങ്ങൾക്കെതിരെ 600 -ൽ പരം ആക്രമങ്ങൾ ഉണ്ടായതായി ഈശോ സഭയുടെ സൗത്ത് ഏഷ്യയിലെ സാമൂഹ്യപ്രവർത്തന വിഭാഗമായ "ജെസ"യുടെ റിപ്പോർട്ട്.

ഭാരതത്തിൽ ഇപ്പോൾ നിലനിൽക്കുന്ന മതസൗഹാർദ്ദം തകർക്കുന്ന രീതിയിൽ മതന്യൂനപക്ഷങ്ങൾക്ക് എതിരെ ശത്രുതയും വിദ്വേഷവും സൃഷ്ടിക്കുന്ന രീതിയിൽ നടത്തുന്ന പ്രചരണങ്ങൾ സമൂഹത്തിൽ വിപരീത ഫലങ്ങൾ ഉണ്ടാക്കും. ഉന്നത രാഷ്ട്രീയ നേതൃത്വങ്ങളുടെ പിന്തുണയും മതമൗലികവാദികൾക്ക് പലപ്പോഴും ലഭിക്കുന്നുണ്ട്. ഇത് വർഗീയ ദ്രുവീകരണത്തിന് ഇടനൽകുന്നു. രാജ്യത്തിന്റെ പലഭാഗങ്ങളിലും മതന്യൂനപക്ഷങ്ങൾക്കും അവരുടെ വസ്തുവകകൾക്കും നേരെ നടക്കുന്ന അതിക്രമങ്ങൾ ഭയം സൃഷ്ടിക്കുന്നതാണ്.

ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ്, ഛത്തീസ്ഗഡ് തുടങ്ങിയ സംസ്ഥാനങ്ങളിൽ വർഗ്ഗീയവാദികൾ ലക്ഷ്യംവയ്ക്കുന്നത് ക്രിസ്തീയ വിശ്വാസികളെയാണ്. മരിച്ചുവീഴുന്നവരുടെ എണ്ണം കുറവാണെങ്കിലും നിത്യേന അതിക്രമങ്ങൾ അരങ്ങേറുന്നു. റിപ്പോർട്ടിനെ സംബന്ധിച്ചുള്ള വസ്തുതകളിൽ ന്യായങ്ങളുണ്ടെങ്കിലും സമൂഹത്തിൽ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളുണ്ട്. ആഗോളതലത്തിൽ മുസ്ലീം ഭീകരപ്രസ്ഥാനങ്ങൾ ശക്തിപ്പെട്ട് ഇന്ത്യയിലും ഭീഷണി മുഴക്കുമ്പോൾ ഹൈന്ദവ ഏകീകരണവും പ്രതികരണവും സ്വാഭാവികമാണെന്നും എന്നാൽ മതേതരത്വം നിലനിർത്തണമെന്നും ചില ഹൈന്ദവ സംഘടനാ പ്രവർത്തകർ സൂചിപ്പിച്ചു.

വിശ്വാസികളെ സംരക്ഷിക്കുവാൻ സാധിക്കാത്ത ക്രൈസ്തവ നേതൃത്വങ്ങൾ പലപ്പോഴും പലവിഭാഗങ്ങളായി തമ്മിലടിക്കുകയാണെന്നും വടക്കൻ സംസ്ഥാനങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങൾ വിപരീതഫലമുളവാക്കി ഇതരവിഭാഗങ്ങളിൽ മതതീവ്രവികാരങ്ങൾ ജനിപ്പിക്കുന്നതാണെന്നും ആക്ഷേപങ്ങളുണ്ട്. ആഗോളതലത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ഭീകരപ്രസ്ഥാനങ്ങൾ ഇന്ത്യയിലും സ്വാധീനശക്തിയായി മാറുന്നുവോ എന്ന ആശങ്ക പടർന്നിരിക്കുന്നു. ഇന്ത്യൻ ഭരണഘടനയുടെ ഏറ്റവും ഉന്നതമായ "മതേതരത്വം" അഭംഗുരം കാത്തുസൂക്ഷിക്കുവാൻ നരേന്ദ്രമോഡിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാരിന് സാധിക്കുമോ?

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

48

# സഭൈക്യം

**(കഴിഞ്ഞ ലക്കം തുടർച്ച)......**

സഭകളുടെ ഐക്യം സാധിക്കാനുള്ള ഒരു മാർഗ്ഗമായിട്ടാണ് Faith&Order സംഘടന 1927ൽ ലുസേനിൽ സമ്മേളിച്ചത്. ഈ സംഘടനയോടു തുല്യപ്രാധാന്യമർഹിക്കുന്ന മറ്റൊന്നാണ് Life&Work സംഘടന. 1927-ൽ സ്റ്റോക്കോമിൽ ഇതാദ്യം സമ്മേളിച്ചു. എന്നാൽ സാമൂഹ്യമണ്ഡലത്തിലുള്ള ഒരൈക്യമായിരുന്നു ഇതിന്റെ ലക്ഷ്യം.

ഈ ഇരു സംഘടനകളും യോജിച്ചാണ് 1938-ൽ "സഭകളുടെ ലോകകൗൺസിൽ" (World Council of Churches) രൂപമെടുത്തത്. 1948-ൽ ഇതിന്റെ ആദ്യസമ്മേളനം നടന്നു. ക്രിസ്തുവിനെ ദൈവവും രക്ഷകനുമായി സ്വീകരിക്കുന്ന ക്രൈസ്തവസമൂഹങ്ങളുടെ ഒരു സംഘടനയാണിത്. ഇന്ന് പ്രചുരപ്രചാരത്തിലിരിക്കുന്ന സഭൈക്യപ്രസ്ഥാനത്തിന്റെ ആരംഭം ഇവിടെയാണ്. വിവിധ ക്രൈസ്തവ സമൂഹങ്ങൾ ഇതിന്റെ അംഗത്വം സ്വീകരിച്ച് ഏതാണ്ടൊരു ഐക്യത്തിൽ എത്തിയിട്ടുണ്ടെന്നു പറയാം.

സഭകളുടെ ലോകകൗൺസിലിൽ കത്തോലിക്കാസഭ അംഗത്വം സ്വീകരിച്ചിട്ടില്ല. പക്ഷെ ഏതാനും കൊല്ലങ്ങളായി സഭൈക്യപ്രസ്ഥാനത്തിൽ മെത്രാന്മാരുടെയും വിശിഷ്യ പരിശുദ്ധ സിംഹാസനത്തിന്റെയും നിയന്ത്രണത്തിൻ കീഴിൽ കത്തോലിക്കാ സഭയും പങ്കെടുക്കുന്നുണ്ട്. 1961-ൽ ഡെൽഹിയിൽ വെച്ചുനടന്ന സഭകളുടെ ലോകകൗൺസിലിന്റെ സമ്മേളനത്തിൽ നിരീക്ഷകർ എന്ന നിലയിൽ ചില കത്തോലിക്കാ പണ്ഡിതന്മാർ സന്നിഹിതരായിരുന്നു. ഭാഗ്യസ്മരണാർഹനായ യോഹന്നാൻ മാർപാപ്പായാണ് ഈ സഭൈക്യ സംഭാഷണത്തിൽ പങ്കെടുക്കാൻ കത്തോലിക്കർക്ക് വഴി തുറന്നു തന്നത്.

ഈ സഭൈക്യപ്രസ്ഥാനത്തെ വിശദീകരിച്ചുകൊണ്ട് കത്തോലിക്കർക്ക് മാർഗ്ഗനിർദ്ദേശം ചെയ്യുന്ന ഔദ്യോഗിക രേഖയാണ് സഭൈക്യത്തെ സംബന്ധിച്ച ഈ ഡിക്രി.

## ചരിത്രപരമായി

1959 ജനുവരി 25-ാം തീയതിയാണല്ലോ എക്യുമെനിക്കൽ കൗൺസിലിന്റെ ആശയം സുഭഗസ്മരണാർഹനായ യോഹന്നാൻ മാർപാപ്പ ആദ്യം പ്രഖ്യാപിച്ചത്. ലോകത്തെങ്ങുമുള്ള ഒരു നല്ല വിഭാഗം ഇന്നാഗ്രഹിക്കുന്ന ക്രിസ്തീയൈക്യത്തിലേയ്ക്ക് വേർപെട്ട നമ്മുടെ സഹോദരരെ ക്ഷണിക്കുക എന്നാതായിരുന്നു പരിശുദ്ധ പിതാവിന്റെ അഭിലാഷം. വേർപെട്ട സഹോദരങ്ങളുമായി കൗൺസിലിൽ ഒരുമിച്ചിരുന്നു സംഗതികൾ ചർച്ചചെയ്തു തീരുമാനിക്കാൻ സമയം ആയിട്ടില്ലായിരുന്നു. എങ്കിലും നിരീക്ഷകർ എന്ന നിലയിൽ എല്ലാ കക്രൈസ്തവസമൂഹങ്ങളിൽ നിന്നുമുണ്ടായിരുന്നു പ്രതിനിധികൾ; ചർച്ചകളിലും അവർ പങ്കെടുത്തു.

കൗൺസിൽ ആരംഭിച്ചു. ആരാധനക്രമത്തെക്കുറിച്ചുള്ള ഡിക്രിയുടെ ആദ്യനക്കൽ കൗൺസിലിൽ ചർച്ചയ്ക്കു കൊണ്ടുവന്നപ്പോൾ (ഇതായിരുന്നു രണ്ടാമത്തെ ചർച്ചാവിഷയം) പിതാക്കന്മാർ ബഹുഭൂരിപക്ഷത്തോടെ അതു തള്ളി മുഴുവനും ഉടച്ചുവാർക്കാനാവശ്യപ്പെട്ടു. കാരണം ആദ്യത്തെ നക്കൽ അംഗീകരിക്കുന്ന പക്ഷം ഡയലോഗിനുള്ള വഴി അത് അടച്ചുകളയുമായിരുന്നുവെന്നതുതന്നെ.



**സഭകളുടെ ലോകകൗൺസിലിൽ കത്തോലിക്കാസഭ അംഗത്വം സ്വീകരിച്ചിട്ടില്ല. പക്ഷെ ഏതാനും കൊല്ലങ്ങളായി സഭൈക്യപ്രസ്ഥാനത്തിൽ മെത്രാന്മാരുടെയും വിശിഷ്യ പരിശുദ്ധ സിംഹാസനത്തിന്റെയും നിയന്ത്രണത്തിൻ കീഴിൽ കത്തോലിക്കാ സഭയും പങ്കെടുക്കുന്നുണ്ട്.**

ഈ പശ്ചാത്തലത്തിൽ ക്രിസ്തീയൈക്യത്തെ പരാമർശിക്കുന്ന ഒന്നിലധികം പ്രബന്ധങ്ങൾ കൗൺസിലിൽ ഒന്നിനുപുറകെ ഒന്നായി കൊണ്ടുവരികയുണ്ടായി.

പൗരസ്ത്യ സഭകളെ സംബന്ധിക്കുന്ന കമ്മീഷൻ സഭൈക്യത്തെ പരാമർശിച്ച് ഒരു പ്രബന്ധം ഹാജരാക്കി. ദൈവശാസ്ത്രത്തെ സംബന്ധിക്കുന്ന കമ്മീഷൻ ആകട്ടെ തിരുസ്സഭയെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷനിൽ പ്രോട്ടസ്റ്റന്റ് സഭയെക്കുറിച്ച് ഒരദ്ധ്യായം കൂട്ടിച്ചേർത്തു. ക്രിസ്തീയൈക്യത്തെ പ്രോത്സാഹിപ്പിക്കാനായി സ്ഥാപിതമായിരിക്കുന്ന സെക്രട്ടറിയറ്റ് സഭൈക്യതത്വങ്ങളെ ക്രോഡീകരിച്ചും ഒരു പ്രബന്ധം തയ്യാറാക്കി.

ഈ മൂന്നു പ്രബന്ധങ്ങളിൽ വന്നിട്ടുള്ള ആശയങ്ങൾ എല്ലാം ക്രോഡീകരിച്ച് 'സഭൈക്യം' എന്ന പേരിൽ ഒരു ഡിക്രി പ്രസിദ്ധപ്പെടുത്തണമെന്ന് 1962 ഡിസംബർ ഒന്നാം തീയതി 366 വോട്ടുകൾക്കെതിരായി 2068 വോട്ടുകളോടെ കൗൺസിൽ തീരുമാനിക്കുകയുണ്ടായി. ഈ ജോലി ക്രൈസ്തവൈക്യത്തെ പ്രോത്സാഹിപ്പിക്കാൻവേണ്ടി പുതുതായി സ്ഥാപിച്ച കാര്യാലയത്തെ ഏല്പിക്കുകയും ചെയ്തു. ഇതാണ് സഭൈക്യത്തെ സംബന്ധിക്കുന്ന ഡിക്രിയുടെ ഉത്ഭവം. കൗൺസിലിന്റെ രണ്ടാമത്തെ സമ്മേളനം കൂടുന്നതിനു മുമ്പ് 1963 ജൂൺ 1-ാം തീയതി യോഹന്നാൻ മാർപാപ്പ കാലംചെയ്തു. എങ്കിലും തന്റെ മരണത്തിനു മുമ്പ് ഡിക്രിയുടെ ആദ്യനക്കൽ കാണാൻ യോഹന്നാൻ മാർപാപ്പായ്ക്ക് സാധിച്ചു. അതിന്റെ പകർപ്പുകൾ കൗൺസിൽ പിതാക്കന്മാർക്കയച്ചു കൊടുക്കാൻ അദ്ദേഹം ആജ്ഞാപിക്കുകയുണ്ടായി.

ആദ്യ നക്കലിൽ 5 അദ്ധ്യായങ്ങളാണ് ഉണ്ടായിരുന്നത്. ആദ്യത്തെ മൂന്ന് അദ്ധ്യായങ്ങളിൽ സഭൈക്യത്തിന്റെ തത്വങ്ങൾ, അതിന്റെ പ്രായോഗിക വശങ്ങൾ, ഇതര സഭകളോട് വിശിഷ്യാ പ്രൊട്ടസ്റ്റന്റ്, ഓർത്തഡോക്സ് വിഭാഗങ്ങളോടുള്ള ബന്ധം എന്നിവ അടങ്ങിയിരിക്കുന്നു. നാലാം അദ്ധ്യായം യഹൂദന്മാരെ സംബന്ധിച്ചും അഞ്ചാം അദ്ധ്യായം മതസ്വാതന്ത്ര്യത്തെ സംബന്ധിച്ചും ആയിരുന്നു.

(തുടരും)

**നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).**



ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ, സിഎംഐ



# പ്രാർത്ഥനാധിഷ്ഠിത ജീവിതം

നമ്മുടെ അനുദിനജീവിതത്തിൽ നമുക്കു ലഭിക്കുന്ന നന്മകളെക്കുറിച്ച് നാം എപ്പോഴും നന്ദി പറയണമെന്നു യേശുവും നമ്മെ അനുസ്മരിപ്പിക്കുന്നുണ്ടല്ലോ. യേശു സുഖമാക്കിയ പത്തുകുഷ്ഠരോഗികളിൽ ഒരാൾ മാത്രം മടങ്ങിച്ചെന്നു യേശുവിനോടു നന്ദി പറഞ്ഞപ്പോൾ അവിടുന്നു ചോദിച്ചതു ഇപ്രകാരമായിരുന്നു: “പത്തുപേരല്ലേ സുഖപ്പെട്ടതു? ബാക്കി ഒമ്പതുപേർ എവിടെ? ഈ വിജാതീയനല്ലാതെ മറ്റാർക്കും തിരിച്ചുവന്നു ദൈവത്തെ മഹത്വപ്പെടുത്തണം എന്നു തോന്നിയില്ലേ?” (ലൂക്കാ17:17-18). ദൈവത്തിനു നന്ദി പറയുവാനുള്ള നമ്മുടെ കടമയെക്കുറിച്ച് ഉത്തമബോധ്യമുണ്ടായിരുന്നതുകൊണ്ടാണ് “എപ്പോഴും എല്ലാറ്റിനും വേണ്ടി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ പിതാവായ ദൈവത്തിനു കൃതജ്ഞതയർപ്പിക്കുവിൻ”(എഫേസോസ് 5:20) എന്നു പൗലോസ് അപ്പസ്തോലൻ എഴുതിയത്.

12. കർത്താവിനു നന്ദി പറയുന്നതിൽ എപ്പോഴും മുമ്പനായിരുന്നു അവിടുത്തെ ദാസനായിരുന്ന ദാവീദ് രാജാവ്. അതുകൊണ്ടാണ് “പൂർണഹൃദയത്തോടെ ഞാൻ കർത്താവിനു നന്ദി പറയും” (സങ്കീ. 9:1) എന്നു ജനതകളുടെ മുമ്പിൽ അദ്ദേഹം പരസ്യമായി പ്രഖ്യാപിച്ചത്. ദാവീദ് കർത്താവിനു നന്ദി പറയുക മാത്രമല്ല ചെയ്തത്. മറ്റുള്ളവരും അങ്ങനെ ചെയ്യണമെന്നു അദ്ദേഹം ആഗ്രഹിച്ചു. അതുകൊണ്ടാണ് “കർത്താവിനു നന്ദി പറയുവിൻ; അവിടുന്നു നല്ലവനാണ്” (സങ്കീ. 107:1) എന്നു പരിശുദ്ധാത്മാവിനാൽ പ്രചോദിതനായി ദാവീദ് എഴുതിയത്.

13. നമ്മുടെ പ്രാർത്ഥനയിൽ നാം ദൈവത്തിനു സ്തുതിയും പുകഴ്ച്ചയും അർപ്പിച്ചുകൊണ്ട് അവിടുത്തെ മഹത്വപ്പെടുത്തി അവിടുത്തേക്കു നന്ദിപറയുന്നതോടൊപ്പം പ്രധാനപ്പെട്ടതാണു നമ്മുടെ പാപങ്ങൾക്കും തെറ്റുകുറ്റങ്ങൾക്കും അവിടുത്തോടു മാപ്പപേക്ഷിക്കുക എന്നത്. അതുകൊണ്ടല്ലേ യേശുനാഥൻ പഠിപ്പിച്ച പ്രാർത്ഥനയിൽ “ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമേ”(ലൂക്കാ 11:4) എന്ന ഭാഗം അവിടുന്നു ഉൾപ്പെടുത്തിയത്?

14. “നാം പാപങ്ങൾ ഏറ്റുപറയുന്നെങ്കിൽ, അവൻ വിശ്വസ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിലും നിന്നു നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും” (1 യോഹന്നാൻ1:9) എന്നാണു ദൈവവചനം പറയുന്നത്. അതുകൊണ്ടു പ്രത്യാശയോടെ തന്നെ, “ദൈവമേ, എന്നോടു കരുണ തോന്നണമേ, എന്റെ പാപങ്ങൾ മായിച്ചുകളയണമേ” (സങ്കീ. 51:1-2) എന്നു സങ്കീർത്തകനോടു ചേർന്നു ദിവസവും ഹൃദയം ഉരുകി നാം ചൊല്ലണം. “ഉരുകിയ മനസാണു ദൈവത്തിനു സ്വീകാര്യമായ ബലി” (സങ്കീ. 51:17) എന്നതുകൊണ്ടും “നുറുങ്ങിയ ഹൃദയത്തെ അവിടുന്നു നിരസിക്കുകയില്ല” (സങ്കീ. 51:17) എന്നതുകൊണ്ടും അവിടുന്നു നമ്മുടെ പാപങ്ങളെല്ലാം കഴുകി മഞ്ഞിനേക്കാൾ അവിടുന്നു നമ്മെ വെണ്മയുള്ളവരാക്കും (സങ്കീ. 51:7) എന്നതു നമുക്കു ഉറപ്പാണ്. സുവിശേഷത്തിലെ ചുങ്കക്കാരനെപ്പോലെ വിനീതഹൃദയനായി പശ്ചാത്താപത്തോടുകൂടി, “ദൈവമേ, പാപിയായ എന്നിൽ കനിയണമേ” (ലൂക്കാ 18:13) എന്നു മാറത്തടിച്ചുകൊണ്ടു നാം പ്രാർത്ഥിച്ചാൽ അവിടുന്നു തീർച്ചയായും നമ്മുടെ പാപങ്ങൾ പൊറുത്തു നമ്മെ നീതീകരിക്കും എന്നതിൽ സംശയം വേണ്ട. അതുകൊണ്ടുതന്നെ, നമ്മുടെ പാപങ്ങളുടെ മോചനത്തിനു വേണ്ടിയുള്ള യാചന നമ്മുടെ അനുദിന പ്രാർത്ഥനയുടെ ഭാഗമാകണം.

## പരിശുദ്ധാത്മാവ് എന്ന ദാനം

15. യേശു തന്റെ അനുയായികൾക്കു വാഗ്ദാനം ചെയ്തിരിക്കുന്ന ആശ്വാസപ്രദ



നാണ് പരിശുദ്ധാത്മാവ് (യോഹന്നാൻ 14:16). എല്ലാസത്യങ്ങളും നമ്മെ പഠിപ്പിക്കുന്ന പരിശുദ്ധാത്മാവ് (യോഹന്നാൻ 16:13) മാമോദീസ വഴി നമ്മിലേക്കു കടന്നുവന്നിരിക്കുന്നതുകൊണ്ടു നാം അവിടത്തെ ആലയങ്ങളായിത്തീർന്നിരിക്കുകയാണ് (1 കൊറി. 3:16). നമുക്കായി വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവാൽ മുദ്രിതരായിരിക്കുന്ന നമ്മൾ (എഫേ. 1:13) യേശുവിനെ കർത്താവായി ഏറ്റുപറയുന്നതു പരിശുദ്ധാത്മാവിലാണു (1 കൊറി. 12:2). അതു മാത്രമല്ല, വേണ്ടവിധം പ്രാർത്ഥിക്കേണ്ടതു എങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാത്തതുകൊണ്ട് അവാച്യമായ നെടുവീർപ്പുകളാൽ

**നമ്മുടെ പ്രാർത്ഥനയിൽ നാം ദൈവത്തിനു സ്തുതിയും പുകഴ്ച്ചയും അർപ്പിച്ചുകൊണ്ട് അവിടുത്തെ മഹത്വപ്പെടുത്തി അവിടുത്തേക്കു നന്ദിപറയുന്നതോടൊപ്പം പ്രധാനപ്പെട്ടതാണു നമ്മുടെ പാപങ്ങൾക്കും തെറ്റുകുറ്റങ്ങൾക്കും അവിടുത്തോടു മാപ്പപേക്ഷിക്കുക എന്നത്.**

ആത്മാവു തന്നെ നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു എന്നു ദൈവവചനം (റോമാ 8:26-27) പറയുന്നു. അങ്ങനെ നമുക്കുവേണ്ടി പരിശുദ്ധാത്മാവ് മാധ്യസ്ഥ്യം വഹിക്കുവാൻ തയ്യാറുള്ളപ്പോൾ അവിടുത്തെ നമ്മുടെ ഹൃദയത്തിലേക്കു വീണ്ടും വീണ്ടും ക്ഷണിക്കുകയല്ലേ പ്രാർത്ഥനയിൽ നാം ആദ്യംതന്നെ ചെയ്യേണ്ടത്?

16. ദൈവം തന്റെ ജനത്തിന്റെ മേൽ “കൃപയുടെയും പ്രാർത്ഥനയുടെയും ചൈതന്യം പകരും”(സഖറിയ 12:10) എന്നു പണ്ടേ വാഗ്ദാനം ചെയ്തിട്ടുണ്ട്. ദൈവം വാഗ്ദാനം ചെയ്ത പ്രാർത്ഥനയുടെ ചൈതന്യം അവിടുത്തെ പരിശുദ്ധാത്മാവുതന്നെയാണ്. ആ പരിശുദ്ധാത്മാവിനെ നാം കൈക്കൊണ്ടിരിക്കുന്നതു മൂലമാണ് നാം ദൈവത്തെ ആബാ പിതാവേ എന്നു വിളിക്കുന്നത് (റോമാ. 8:15; ഗലാത്തിയ 4:6). പ്രാർത്ഥനയിലൂടെ നമ്മെ കൈപിടിച്ചു നടത്തുവാൻ പരിശുദ്ധാത്മാവ് എപ്പോഴും തയ്യാറുള്ളപ്പോൾ അവിടുത്തെ ഹൃദയത്തിലേക്കു സ്നേഹപൂർവ്വം സ്വാഗതം ചെയ്തു സ്വീകരിക്കുന്ന കാര്യത്തിൽ നാം എപ്പോഴും ശ്രദ്ധയുള്ളവരായിരിക്കണം. കാരണം, പരിശുദ്ധാത്മാവിന്റെ സഹായത്തോടെ നാം പ്രാർത്ഥിച്ചാൽ നമ്മുടെ പ്രാർത്ഥന തീർച്ചയായും ദൈവസന്നിധിയിൽ സംപ്രീതിയുള്ളതായി മാറും.

(തുടരും)

## നവംബർ 23 മലയാള മണ്ണിന് പുണ്യദിനം;

# ലോകം റോമിലേയ്ക്ക്

ചരിത്ര നിമിഷങ്ങൾ വാരിവിതറി 2014 നവംബർ 23ന് ഭാരത ജനതയ്ക്ക് അപൂർവ്വ നിമിഷങ്ങൾ ലോകം സമ്മാനിക്കുന്നു. കേരള മക്കൾക്ക് പുണ്യദിനവും. ലോകത്തിന്റെ വിവിധ കോണുകളിൽ നിന്ന് ആഗോള കത്തോലിക്കാസഭയുടെ ആസ്ഥാനത്തേയ്ക്ക് അനേകായിരങ്ങൾ ഒഴുകിയെത്തുമ്പോൾ, ഭക്തിനിർഭര സ്തുതിഗീതങ്ങളും താളമേളങ്ങളും ഉയരുമ്പോൾ റോമിലെ വി.പത്രോസിന്റെ ബസിലിക്കയുടെ ചത്വരത്തിൽ ഫ്രാൻസീസ് മാർപാപ്പ വാഴ്ത്തപ്പെട്ടവരായ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനേയും എവുപ്രാസ്യാമ്മയേയും വിശുദ്ധരായി പ്രഖ്യാപിക്കും. ഭാരതത്തിന്റെ പ്രഥമ പുണ്യ തേജസായ വിശുദ്ധ അൽഫോൻസാമ്മയ്ക്കു ശേഷമിതാ കത്തോലിക്കാ സഭയുടെ പ്രേഷിത





ചൈതന്യംകൊണ്ട് പ്രഭചൊരിയുന്ന കേരളത്തിൽ നിന്ന് രണ്ടുവിശുദ്ധർ കൂടി. കേരളത്തിലെ ക്രൈസ്തവ കുടുംബങ്ങളിൽ നിന്നുയരുന്ന വിശ്വാസതീക്ഷ്ണതയുടെയും, ആത്മസമർപ്പണത്തിന്റെയും അംഗീകാരമാണിത്. പ്രാർത്ഥനാജീവിതവും പ്രവർത്തനമേഖലകളും വ്യത്യസ്ത തലങ്ങളിൽ സംയോജിപ്പിച്ച നവോത്ഥാന നായകനാണ് ചാവറയച്ചൻ. പ്രാർത്ഥന ജീവിതവിളിയായി സ്വീകരിച്ച് അനുദിനജീവിതത്തെ ചിട്ടപ്പെടുത്തി ദൈവതൃക്കരങ്ങളിൽ എവുപ്രാസ്യാമ്മ സമർപ്പിച്ചു.

ദൈവമനുഷ്യബന്ധങ്ങളിൽ നിന്ന് ഓടിയകലുന്ന ആധുനിക ചിന്താധാരകളുടെ ഇന്നത്തെ ലോകത്തിന് പ്രചോദനവും മാർഗ്ഗദീപങ്ങളുമാണ് ഈ വിശുദ്ധർ. നവംബർ 23 സ്തുതിയുടെയും നന്ദിയുടെയും ദിനമായി കത്തോലിക്കാസഭ ആചരിക്കുന്നു. നവംബർ 29ന് കൊച്ചി രാജഗിരി മൈതാനിയിൽ നടക്കുന്ന 'വിശുദ്ധിയുടെ ഉത്സവം' ('ഖാദോഷ് ഫെസ്റ്റ്') അനുസരണത്തിന്റെയും കൃതജ്ഞതയുടെയും നിമിഷങ്ങളാണ്.

# സഭയ്ക്ക് എല്ലാ വിഭാഗങ്ങളോടും കരുണാർദ്ര സമീപനം:

## കർദിനാൾ മാർ ആലഞ്ചേരി

കൊച്ചി: സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളോടും കാരുണ്യപൂർവമായ ഇടപെടൽ വേണമെന്ന നിലപാടാണു റോമിൽ നടന്ന മെത്രാൻമാരുടെ അസാധാരണ സിനഡ് ഓർമിപ്പിക്കുന്നതെന്നു സീറോ മലബാർ സഭാ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. സിനഡിൽ ചില വിഷയങ്ങൾ തള്ളിക്കളഞ്ഞു എന്ന നിലയിലുള്ള മാധ്യമവാർത്തകളിൽ അടിസ്ഥാനമില്ല. സ്വവർഗാനുരാഗികളുടെ വിവാഹബന്ധം, വിവാഹമോചനം നേടിയവരുടെ കൂദാശാസ്വീകരണം, ആത്മീയമായ ദിവ്യകാരുണ്യ സ്വീകരണം എന്നീ വിഷയങ്ങളിൽ കൂടുതൽ പഠനങ്ങൾക്കുശേഷം അടുത്ത ഒക്ടോബറിലെ സാധാരണ സിനഡിൽ വ്യക്തത വരുത്തുമെന്നും മാർ ആലഞ്ചേരി പറഞ്ഞു. സിനഡിൽ പങ്കെടുത്തു മടങ്ങിയെത്തിയശേഷം എറണാകുളം മേജർ ആർച്ച്ബിഷപ്സ് ഹൗസിൽ മാധ്യമപ്രവർത്തകരുമായി ആശയവിനിമയം നടത്തുകയായിരുന്നു അദ്ദേഹം.

കുടുംബജീവിതം നയിക്കുന്നതു ക്രൈസ്തവരെ സംബന്ധിച്ചു മാത്രമല്ല, ഏതു മതത്തിലുള്ളവരെ സംബന്ധിച്ചും ശ്രമകരമായ ശുശ്രൂഷയാണ്. മതങ്ങളും സമൂഹവും കുടുംബങ്ങളുടെ നിലനില്പിനു വലിയ പ്രാധാന്യമാണു കല്പിക്കുന്നത്. കുടുംബങ്ങൾ നിലനിന്നാലേ സഭയും സമൂഹവും നിലനിൽക്കൂ. ഈ പശ്ചാത്തലത്തിലാണു കുടുംബങ്ങളെക്കുറിച്ചു പ്രത്യേകമായി ചർച്ച ചെയ്യാൻ മാർപാപ്പ അസാധാരണ സിനഡ് വിളിച്ചുചേർത്തത്.

നാലു സമ്മേളനങ്ങളിലൂടെ നടന്ന രണ്ടാം വത്തിക്കാൻ കൗൺസിലിനെ ഓർമിപ്പിക്കുന്ന ശൈലിയിലായിരുന്നു അസാധാരണ സിനഡ്. ഇപ്പോൾ നടന്ന സിനഡിന്റെ തുടർച്ചയായാണു 2015 ഒക്ടോബർ നാലു മുതൽ 25 വരെ സാധാരണ സിനഡ് നടക്കുക. ക്രൈസ്തവ കുടുംബങ്ങളുടെ വിളിയും ദൗത്യവും എന്ന വിഷയം അടുത്ത സിനഡ് വിശദമായി ചർച്ച



ചെയ്യും. അസാധാരണ സിനഡിൽ പങ്കെടുത്ത 192 മെത്രാന്മാരും ചർച്ചകളിൽ സജീവമായിരുന്നു. നാലു മിനിറ്റു വീതമാണ് ഓരോരുത്തരും ചർച്ചകളിൽ ഇടപെടൽ നടത്തിയത്.

സ്വവർഗാനുരാഗം സംബന്ധിച്ച വിഷയത്തിൽ സഭയുടെ നിലപാടു സുവ്യക്തമാണ്. ഒരേ ലിംഗത്തിൽപ്പെട്ടവർ ഒരുമിച്ചു താമസിക്കുന്നതു വിവാഹബന്ധമായി കാണാനാവില്ലെന്നു തന്നെയാണു സഭയുടെ വീക്ഷണം. എന്നാൽ, ഇക്കൂട്ടരെ പാടെ ഉപേക്ഷിക്കുന്നതു ശരിയല്ലെന്നു സിനഡ് ഓർമിപ്പിക്കുന്നു. 1960കൾക്കുശേഷം ലോകത്തിൽ വ്യാപകമായ ലൈംഗികവിപ്ലവത്തിന്റെ ഭാഗമായാണു സ്വവർഗാനുരാഗവും യൂറോപ്യൻ രാജ്യങ്ങളിൽ പ്രചരിച്ചത്. ഒരുമിച്ചു താമസിക്കുന്ന ഒരേ ലിംഗത്തിൽപ്പെട്ടവർക്കു കൂദാശകൾ സ്വീകരിക്കാനുള്ള സ്വാതന്ത്ര്യം ആവശ്യപ്പെട്ട് അവർ സഭാധികാരികളെ സമീപിക്കുന്ന സാഹചര്യമുണ്ടായി. ഏഷ്യയിലും ആഫ്രിക്കൻ രാജ്യങ്ങളിലും ഇത്തരമൊരു സാഹചര്യം ശക്തമല്ല. ജീവിതത്തിൽ വ്യത്യസ്ത പുലർത്തുന്നവരോടു കാരുണ്യത്തിന്റെ സമീപനം വേണമെന്നു തന്നെയാണു സഭയുടെ നിലപാട്. ഇവരുടെ ഒരുമിച്ചുതാമസത്തെ വിവാഹമായി കണക്കാക്കാനാവില്ലെന്ന നിലപാടു സംബന്ധിച്ച് അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായതു സ്വാഭാവികമാണ്. ഇക്കാര്യങ്ങളിൽ അടുത്ത സിനഡിനു മുമ്പു വിവിധ തലങ്ങളിലെ ചർച്ചകളും പഠനങ്ങളും ഉണ്ടാകും.

വളർന്നുവരുന്ന തലമുറയെ മൂല്യബോധത്തിൽ വളർത്താൻ നമുക്കു കടമയുണ്ടെന്ന അഭിപ്രായമാണു താൻ സിനഡിൽ ഉന്നയിച്ചതെന്നു കർദിനാൾ പറഞ്ഞു. വ്യക്തിക്ക് എന്തുമാകാമെന്ന പാഠം മുന്നോട്ടുവയ്ക്കുന്ന പാശ്ചാത്യ സംസ്കാരത്തിന്റെ ദൂഷ്യവശങ്ങളിൽപ്പെടാതെ, മക്കളുടെ ആത്മീയവും ഭൗതികവുമായ തലങ്ങളിലെ വളർച്ചയിൽ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. സമൂഹത്തിനൊപ്പം നീങ്ങുകയല്ല, സമൂഹത്തിന്റെ ഗതിയെ മൂല്യബോധത്തിൽ നിയന്ത്രിക്കുകയാണു പ്രധാനം.

കേരളസഭയുടെ അജപാലനത്തിൽ കൂടുതൽ പ്രായോഗിക സമീപനങ്ങൾ വേണം. തങ്ങൾ ശുശ്രൂഷകരാണെന്ന അവബോധമാണ് അജപാലകർക്കു വേണ്ടത്. കുടുംബങ്ങളുടെ ആത്മീയവളർച്ചയിലും അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

സിനഡിലെ ചർച്ചാവിഷയങ്ങൾ പൊതുസമൂഹവും ചർച്ച ചെയ്യട്ടെയെന്ന നിലപാടാണ് ഇക്കുറി സഭാനേതൃത്വത്തിനുണ്ടായിരുന്നത്. അതുകൊണ്ടാണു പല ചർച്ചകളെ സംബന്ധിച്ചും വാർത്തകൾ മാധ്യമങ്ങളിലൂടെ ലോകമറിഞ്ഞത്.

സിനഡിൽ 62 വിഷയങ്ങൾ അവതരിപ്പിച്ചതിൽ മൂന്നു വിഷയങ്ങളാണു വോട്ടെടുപ്പിൽ പിന്തള്ളപ്പെട്ടത്. വിവാഹമോചനം നേടിയ ശേഷം പുനർവിവാഹം കഴിച്ചു ജീവിക്കുന്നവരുടെ കൂദാശസ്വീകരണം, ആത്മീയമായ വിശുദ്ധ കുർബാന സ്വീകരണം, സ്വവർഗ്ഗാനുരാഗികളെ സംബന്ധിച്ച വിഷയങ്ങൾ എന്നിവയാണു വോട്ടെടുപ്പിലൂടെ പിന്തള്ളപ്പെട്ടത്. എന്നാൽ, ഈ വിഷയങ്ങളിൽ കൂടുതൽ പഠനങ്ങൾ നടക്കേണ്ടതുണ്ട്. അടുത്ത സിനഡിൽ ഇതു സംബന്ധിച്ചു കൂടുതൽ വ്യക്തതയുണ്ടാവും.

അടുത്ത ഒക്ടോബറിലെ സിനഡിൽ എപ്പിസ്കോപ്പൽ സഭകളുടെ തലവന്മാരെക്കൂടാതെ വ്യക്തിസഭകളിലെ 25 മെത്രാന്മാർക്ക് ഒരു പ്രതിനിധി വീതം പങ്കെടുക്കാനാവും.

## ഫാമിലി കോർണർ



# കലിയുടെ കെണിയിൽപ്പെട്ടൊരു ജീവിതം


**Dr. P.M. Chacko Palakunnel**
Principal, Nirmal Jyothi Institute-
of Counseling and Psychotherapy
familycornerlaityvoice@gmail.com


മുപ്പത്തിനാലുകാരിയായ ജെസി വിവാഹിതയായിട്ട് പത്തുവർഷമായി. മൂന്നു കുട്ടികളുണ്ട്. ഭർത്താവിന്റെ മാതാപിതാക്കൾക്കൊപ്പം ജെസിയും ഭർത്താവും കുട്ടികളും കഴിയുന്നു. അല്പം കൃഷിഭൂമിയുണ്ട്. ഭർത്താവിന് ഒരു ചെറിയ ജോലിയുമുണ്ട്. പിതാവും അവധി ദിവസങ്ങളിൽ ഭർത്താവും കൃഷിപ്പണിയിൽ വ്യാപൃതരാകും. കഠിനാധ്വാനം കൊണ്ട് തൃപ്തികരമായ സാമ്പത്തിക സ്ഥിതിയാണുള്ളത്. വിവാഹം കഴിച്ചുവന്ന നാൾമുതൽ ജെസി ഭർത്താവിൻറെ മാതാപിതാക്കളുമായി ശണ്ഠ തുടങ്ങി. ജെസി ഏഴ് ആങ്ങളമാരുടെ ഏക സഹോദരിയായിരുന്നതിനാൽ ജെസി പറയുന്നതൊക്കെ അവർ സാധിച്ചുകൊടുത്തിരുന്നു. നാലുപേർ വിദേശത്ത് ജോലിക്കാരാണ്. ഭർതൃഗൃഹത്തിൽ അത്രയും സാമ്പത്തിക സ്ഥിതിയില്ല. മാതാവ് വഴക്കുണ്ടാക്കുമ്പോൾ ജെസി പ്രതികരിക്കുകയും പ്രശ്നം വഷളാകുമ്പോൾ ജെസിയുടെ വീട്ടുകാരെ വിളിപ്പിക്കുകയും ചെയ്യും. ജെസിക്ക് ദേഷ്യം വരുമ്പോൾ പാത്രങ്ങൾ വലിച്ചെറിയുകയും കതക് ശക്തിയായി അടയ്ക്കുകയും ചെയ്യും. ചിലപ്പോൾ ഭർത്താവിനെയും കുട്ടികളെയും ഉപദ്രവിക്കും. അമ്മയോടും അപ്പനോടും കലിതുള്ളി സംസാരിക്കും. കഴിഞ്ഞ ദിവസം കലിതുള്ളിയ ജെസി അടുപ്പത്തിരുന്ന തിളച്ച വെള്ളമെടുത്ത് അമ്മയുടെ കാലിലേയ്ക്കൊഴിച്ചു. അമ്മയുടെ രണ്ടുകാലുകളും പൊള്ളി അമ്മ ആശുപത്രിയിലായി. ഇതു കണ്ട് ദേഷ്യം മൂത്ത ഭർതൃപിതാവ് ഒരു വടിയെടുത്ത് രണ്ട് അടിയും കൊടുത്തു. ജെസി തന്നെ ഭർതൃപിതാവ് ഉപദ്രവിച്ചു എന്നു വിളിച്ചുകൂവി നാട്ടുകാരെ അറിയിച്ചു. തന്നെ വന്നു കൊണ്ടുപോയില്ലെങ്കിൽ താൻ ആത്മഹത്യ ചെയ്യുമെന്ന് സ്വന്തം വീട്ടിലേയ്ക്ക് വിളിച്ചുപറഞ്ഞു. പഞ്ചായത്തു മെമ്പർ ഇടപെട്ട് ജെസിയെ ആങ്ങളമാരുടെ കൂടെ പറഞ്ഞയച്ചു.

ജെസിയുമായി സംസാരിച്ചപ്പോൾ ഭർത്താവിനോട് അവൾക്ക് ഇഷ്ടം ആണെന്നു മനസ്സിലായി. അയാൾ അവളെ ഒരിക്കൽ പോലും ഉപദ്രവിച്ചിട്ടില്ല. കോപം സഹിക്കാൻ വയ്യാത്തതുകൊണ്ടാണ് അവൾ പൊട്ടിത്തെറിച്ചുപോകുന്നത്, ക്ഷമിക്കണം എന്നൊക്കെപ്പറഞ്ഞ് അയാൾ അമ്മയുടെ അടുത്ത് അവൾക്കുവേണ്ട് മാദ്ധ്യസ്ഥം വഹിക്കാറുമുണ്ട്. കോപം വന്നാൽ നിയന്ത്രിക്കാൻ കഴിയില്ലെന്ന് ജെസി സമ്മതിച്ചു. അമ്മയുടെ ശരീരത്തിൽ ചൂടുവെള്ളമൊഴിച്ചതിൽ ദുഃഖമുണ്ടെന്നും അവൾ പറഞ്ഞു. കോപം വരുമ്പോൾ സകലതും മറന്നു പോകുന്നുവെന്നും അവൾ സമ്മതിച്ചു.

ജെസി ചോദിക്കുന്നതെല്ലാം കൊടുക്കുകയും ജെസി പറയുന്നതിനൊന്നും എതിരുപറയാതിരിക്കുകയും ചെയ്തിരുന്ന കുടുംബാംഗങ്ങൾ ജെസിയെ ലോകത്തിൽ എല്ലാ കാര്യവും നമുക്ക് അനുകൂലമായിരിക്കുകയില്ല എന്ന പാഠം പഠിപ്പിക്കാൻ മറന്നുപോയി. അവളുടെ ചെറിയ ഇഷ്ടങ്ങൾക്ക് ഠപോലും എതിരു പറയുന്ന അമ്മായിയമ്മയെ അവൾ ശത്രുവായി കാണാൻ തുടങ്ങി. കാരണം അവളുടെ വീട്ടിൽ ആരും അവളെ വിമർശിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്തിരുന്നില്ല. തന്മൂലം കുറ്റപ്പെടുത്തലിനോട് അവൾ അമിതമായി പ്രതികരിക്കാൻ തുടങ്ങി. ആ ശീലം കാലം ചെല്ലുന്തോറും ശക്തമായിക്കൊണ്ടിരുന്നു. ഇത് കുട്ടികളെ ഇല്ലായ്മ അറിയിക്കാതിരിക്കുന്നതുകൊണ്ടുണ്ടാകുന്ന ഒരു ഭവിഷ്യത്താണെന്ന് വളരെ വ്യക്തമാണ്.

രണ്ടാമത്തെ കാര്യം ജെസിയുടെ നിരാശയാണ്. ജെസി ഭർത്താവിനൊപ്പം അടിച്ചുപൊളിച്ച് ജീവിക്കണമെന്നാഗ്രഹിച്ചിരുന്ന ആളാണ്. മാതാപിതാക്കളുടെ സാന്നിധ്യവും സാമ്പത്തിക ഭദ്രതയുടെ കുറവും വീട്ടുജോലികൾ ധാരാളം ചെയ്യേണ്ടിവരുന്നതിലെ നിരാശയും അവളുടെ വർണ്ണപ്പകിട്ടുള്ള സ്വപ്നങ്ങളെ കെടുത്തിക്കളഞ്ഞു. ഇതിൽനിന്ന് ഉരിത്തിരിഞ്ഞ മാനസികാവസ്ഥ അവളെ അക്രമാസക്തയാക്കി (aggressive). ഇതിന് നിരാശയിൽ നിന്നുരുത്തിരിയുന്ന ആക്രമണമനോഭാവം എന്നു പറയാം (frustration aggression). അവൾ എങ്ങനെയെങ്കിലും ഭർതൃവീട്ടിൽ നിന്ന് പുറത്തുചാടി വേറൊരു വീടെടുത്തു താമസിക്കുവാൻ ആഗ്രഹിച്ചുകൊണ്ടിരുന്നു. മദ്ധ്യസ്ഥന്മാർ ഇടപെട്ടപ്പോൾ സ്വത്ത് ഒന്നും ഇല്ലെങ്കിലും കുഴപ്പമില്ല; അവരുടെ കൂടെ താമസിക്കാൻ ഒരിക്കലും സമ്മതിക്കുകയില്ല എന്നവൾ തീർത്തു പറഞ്ഞു. അതിനെത്തുടർന്ന് മാതാപിതാക്കൾക്ക് വിരോധം വർദ്ധിച്ചു. വിൽപ്പത്രത്തിൽ രണ്ട് ഏക്കർ സ്ഥലം ഇവർക്കുവേണ്ടി എഴുതി വച്ചിരുന്ന പിതാവ് മനസ്സുമാറ്റി അരയേക്കർ മാത്രം കൊടുത്തു. ബാക്കി തന്നെ നോക്കുന്നവർക്കു കൊടുക്കും എന്നു പറഞ്ഞു. അരയേക്കറിൽ താമസം തുടങ്ങി കുറച്ചുകഴിഞ്ഞപ്പോൾ സ്ഥലം നഷ്ടപ്പെട്ടത് അവളുടെ കുറ്റം കൊണ്ടാണെന്ന് ഭർത്താവും മക്കളും പറയാൻ തുടങ്ങി.

> **ജെസി ഭർത്താവിനൊപ്പം അടിച്ചുപൊളിച്ചു ജീവിക്കണമെന്നാഗ്രഹിച്ചിരുന്ന ആളാണ്. മാതാപിതാക്കളുടെ സാന്നിധ്യവും സാമ്പത്തിക ഭദ്രതയുടെ കുറവും വീട്ടുജോലികൾ ധാരാളം ചെയ്യേണ്ടിവരുന്നതിലെ നിരാശയും അവളുടെ വർണ്ണപ്പകിട്ടുള്ള സ്വപ്നങ്ങളെ കെടുത്തിക്കളഞ്ഞു. ഇതിൽനിന്ന് ഉരിത്തിരിഞ്ഞ മാനസികാവസ്ഥ അവളെ അക്രമാസക്തയാക്കി**

അതു കേൾക്കുമ്പോൾ അവൾ ഭർത്താവിനോടും കലിതുള്ളി പെരുമാറുവാൻ തുടങ്ങിയപ്പോഴാണ് കൗൺസിലിംഗിന് എത്തിയത്. കോപം വരുത്തിവെച്ച വിനകൾ ഇവിടെ വളരെ പ്രകടമാണ്. കോപം കൊണ്ട് അന്ധരായി കൊലപാതകം വരെ നടന്നിട്ടുണ്ട്. ഇപ്പോൾ തന്റെ അനിയന്ത്രിതമായ കോപമാണ് തനിക്കു വിനയായതെന്ന് അറിഞ്ഞ് ജെസി കൗൺസിലിംഗിന് തയ്യാറായിരിക്കുകയാണ്. അനിയന്ത്രിതമായ കോപം കോപനിയന്ത്രണമാർഗ്ഗങ്ങൾ (Anger Management Programmes) വഴിയും സൈക്കോതെറാപ്പി വഴിയും നിയന്ത്രിക്കാം. കോഗ്നിറ്റീവ് ബിഹേവിയർ തെറാപ്പി പ്രകാരം മറ്റുള്ളവർ എന്തെങ്കിലും പറയുമ്പോൾ പെട്ടെന്ന് മനസ്സിൽ തോന്നുന്ന ചിന്ത (Automatic Thought) വികാരങ്ങളിലേയ്ക്കും പിന്നീട് അതിനനുസരിച്ച പ്രവൃത്തികളിലേയ്ക്കും നയിക്കുമെന്നാണ്. പ്രത്യേക സാഹചര്യങ്ങളിൽ പെട്ടെന്നുണ്ടാകുന്ന ചിന്തകളെ പുനരവലോകനം ചെയ്ത് തിരുത്തിയും മറ്റു സാദ്ധ്യതകൾ കണ്ടെത്തുകയും ചെയ്യുന്നതാണ് കോഗ്നിറ്റീവ് ബിഹേവിയർ തെറാപ്പിയുടെ രീതി. ഇത് ജെസി വളരെ ഫലപ്രദമായി ചെയ്ത് പുതിയൊരു ജീവിതത്തിലേയ്ക്ക് കടന്നുവന്നുകൊണ്ടിരിക്കുന്നു.

**നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).**

# അല്മായ മുന്നേറ്റം: പ്രാധാന്യവും സാധ്യതാമേഖലകളും

ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ



## 3. വെല്ലുവിളികൾ

അല്മായ പങ്കാളിത്തവും കൂട്ടുത്തരവാദിത്വവും സവിശേഷതയായുള്ള സഭയ്ക്ക് ഇനിയും വളരെ ദൂരം മുന്നോട്ടുപോകേണ്ടതുണ്ട്. പ്രായോഗികാഭിമുഖ്യമുള്ള വിശ്വാസപരിശീലനം അല്മായർക്ക് നൽകേണ്ടതിന്റെ ആവശ്യകതയെ സഭയുടെ ഔദ്യോഗിക പ്രബോധനങ്ങൾ ചൂണ്ടിക്കാട്ടുന്നുണ്ട്.

അല്മായ വൈദിക വേർതിരിവു കൂടാതെ കൂട്ടായ്മയുടെ കാഴ്ചപ്പാടിൽ സഭയെ കാണുമ്പോഴാണ് അല്മായർക്ക് സഭയിൽ സജീവത്വവും പങ്കാളിത്തവും ഉണ്ടാകുന്നത്.

ഭാരതസഭയിൽ അല്മായ സാന്നിധ്യം പിന്നോക്കം പോകുന്നതു പ്രത്യേകിച്ചു സാമൂഹിക രാഷ്ട്രീയ രംഗത്താണ്. നവീകരണപ്രസ്ഥാനങ്ങളുടെ പശ്ചാത്തലത്തിൽ ആത്മീയരംഗത്ത് ഉണർവ്വോടെ പ്രവർത്തിക്കുന്ന അല്മായരുണ്ടായിട്ടുണ്ട്.

വിശ്വാസത്തോടുള്ള പ്രതിബദ്ധത ദൈവാലയ കർമ്മങ്ങളിൽ ഒതുങ്ങുകയും സാമൂഹിക രാഷ്ട്രീയ രംഗത്തേയ്ക്കിറങ്ങുമ്പോൾ വിശ്വാസവിരുദ്ധമായ പ്രത്യയശാസ്ത്രങ്ങളും സമീപനങ്ങളും ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന അവസ്ഥയിലേയ്ക്ക് വഴുതിവീണിട്ടുണ്ട് പലപ്പോഴും അല്മായർ; പ്രത്യേകിച്ച് യുവാക്കൾ.

സാമൂഹിക രാഷ്ട്രീയ രംഗത്ത് സത്യത്തിനും നീതിക്കുംവേണ്ടി നിലകൊള്ളാനും ഒരു തിരുത്തൽ ശക്തിയായി പ്രവർത്തിക്കാനും എങ്ങനെ അല്മായരെ ബോധവൽക്കരിക്കാം എന്നത് സഭയുടെ മുമ്പിലെ വലിയൊരു വെല്ലുവിളിയാണ്.

### a). പങ്കാളിത്ത സംവിധാനങ്ങൾ ഫലപ്രദമോ?

ഭാരതത്തിലെ പല രൂപതകളും അല്മായ പങ്കാളിത്ത സംവിധാനങ്ങൾക്കു രൂപം കൊടുത്തത് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ അഥവാ കുടുംബകൂട്ടായ്മകളുടെ രൂപീകരണത്തിലൂടെയാണ്. പലരും ഇതിനെ ഒരു പ്രാർത്ഥനാ സമ്മേളനമായും വെറും ഒരു സോഷ്യൽ യോഗമായും മാത്രമാണ് കാണുന്നത്.

അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ അല്മായ ശാക്തീകരണത്തിനും സഭാശുശ്രൂഷകളിലെ അല്മായ നേതൃത്വത്തിനും വലിയൊരു സാധ്യതയാണ് തുറന്നുകൊടുത്തിരിക്കുന്നത്. എന്നാൽ പല രൂപതകളിലും ഇടവക-രൂപതാ ശുശ്രൂഷാപ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള പങ്കാളിത്ത സംവിധാനങ്ങൾ ഇല്ല എന്നതാണ് ഖേദകരമായ സത്യം.

പങ്കാളിത്തസംവിധാനങ്ങൾ ഇടവക-ഫൊറോന-രൂപതാ തലത്തിൽ പ്രവർത്തിക്കുന്ന ത്രിതലപ്രക്രിയ ചില രൂപതകളിലെങ്കിലുമുണ്ട്. അടിസ്ഥാനക്രൈസ്തവസമൂഹങ്ങളിൽ നിന്ന്

**നമ്മുടെ ഇടവകകളിലെ ഇന്നത്തെ പ്രവർത്തന ശൈലിയെപ്പറ്റിയുള്ള ഒരു പഠനം വെളിപ്പെടുത്തുന്നത് ഏറിയാൽ 10 ശതമാനം പേരാണ് സഭാശുശ്രൂഷകളിൽ സജീവ പങ്കാളികളായിരിക്കുന്നത് എന്നാണ്. ഏതാണ്ട് 60 ശതമാനം പേരെ ഞായറാഴ്ച ക്രിസ്ത്യാനികളെന്നു വിശേഷിപ്പിക്കാം. 30 ശതമാനം സഭാജീവിതവുമായി യാതൊരു ബന്ധവുമില്ലാതെയാണ് കഴിയുന്നത്. ഞായറാഴ്ച കത്തോലിക്കരിൽ ചിലരുൾപ്പെടെ 40 ശതമാനം വരുന്ന പ്രബുദ്ധരായ അല്മായർ സഭാജീവിതത്തോടു നിസംഗത പുലർത്തുന്നവരാണ്`.**

പ്രതിനിധികളെ ഉൾപ്പെടുത്തി ശുശ്രൂഷാസമിതികൾ രൂപപ്പെടുത്തുന്ന ഈ പ്രക്രിയ ഫലപ്രദമായി നടപ്പിലാക്കുവാൻ നമുക്കു സാധിക്കുന്നുണ്ടോ?

### b). വൈദികനേതൃത്വവും അല്മായ പങ്കാളിത്തവും

ഇന്നും പ്രാദേശികസഭയിൽ "വൈദികമേധാവിത്വം" വളരെയേറെയുണ്ട് എന്നതാണ് സത്യം. ഒരു ക്ലെറിക്കൽ സഭയാണ് ഇന്നും നമ്മുടേത് എന്നു പറഞ്ഞാൽ അതൊരു അതിശയോക്തിയാവില്ല. അല്മായ പങ്കാളിത്തത്തെപ്പറ്റി സെമിനാരി പരിശീലനകാലഘട്ടത്തിൽ ഒത്തിരിയേറെ പഠനങ്ങൾ നടക്കുന്നുണ്ടെങ്കിലും പ്രാദേശികരംഗങ്ങളിൽ യുവവൈദികർ പോലും ഇതിനായി കാര്യമായ ശ്രമങ്ങൾ നടത്തുന്നുണ്ടോയെന്ന് ചിന്തിക്കുന്നത് ഉചിതമായിരിക്കും.

### c). വിദ്യാഭ്യാസ സാമൂഹ്യമേഖല

ആത്മീയ കാര്യങ്ങളിൽ വൈദികർ കൂടുതൽ ശ്രദ്ധപതിപ്പിക്കുകയും വിദ്യാഭ്യാസ സാമൂഹ്യ ആരോഗ്യ തുടങ്ങി ഇതര മേഖലകളിൽ അല്മായർക്ക് നേതൃത്വരംഗത്ത് വരാൻ കഴിയുംവിധം സഭാസംവിധാനങ്ങൾ ക്രമീകരിക്കുന്നതിൽ നാം വിജയിച്ചിട്ടുണ്ടോ?

സഭയുടെ പല നിലപാടുകളോടും അല്മായർക്കു വലിയ ആഭിമുഖ്യമില്ലാതെ പോകുന്നത് അവരുടെ പങ്കാളിത്തം ഈ രംഗങ്ങളിൽ ഉറപ്പാക്കാത്തതുകൊണ്ടല്ലേ?

### d). മനുഷ്യവിഭവശേഷിയും അല്മായരും

പ്രബുദ്ധരായ അല്മായരുടെ പങ്കാളിത്തം സഭയിൽ പലരെ പരിമിതമാണെന്ന സത്യം നാമറിയണം. ഇടവകതലത്തിൽ തന്നെ വിവിധ ശുശ്രൂഷകളിൽ ഇവരുടെ സേവനം ഉറപ്പാക്കാൻ കഴിയണം. ഇതിനായി ഇടവക രൂപതാ തലങ്ങളിൽ മനുഷ്യവിഭവനിർണ്ണയം നടത്തുന്നത് നന്നായിരിക്കും. നമ്മുടെ ഇടവകകളിലെ ഇന്നത്തെ പ്രവർത്തനശൈലിയെപ്പറ്റിയുള്ള ഒരു പഠനം വെളിപ്പെടുത്തുന്നത് ഏറിയാൽ പത്ത് ശതമാനം പേരാണ് സഭാശുശ്രൂഷകളിൽ സജീവപങ്കാളികളായിരിക്കുന്നത് എന്നാണ്. ഏതാണ്ട് 60 ശതമാനം പേരെ ഞായറാഴ്ച ക്രിസ്ത്യാനികളെന്നു വിശേഷിപ്പിക്കാം. എതാണ്ട് 30 ശതമാനം സഭാജീവിതവുമായി യാതൊരു ബന്ധവുമില്ലാതെയാണ് കഴിയുന്നത്. 40 ശതമാനം വരുന്ന പ്രബുദ്ധരായ അല്മായർ സഭാജീവിതത്തോടു നിസംഗത പുലർത്തുന്നവരാണ് എന്നാണ് വെളിപ്പെടുന്നത്.

നേരത്തെ സൂചിപ്പിച്ചതുപോലെ സാമൂഹ്യ വിദ്യാഭ്യാസ മേഖലകളിൽ അല്മായരുടെ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുക മാത്രമല്ല നേതൃസ്ഥാനങ്ങളിലേയ്ക്ക് അവരുടെ സേവനം പ്രയോജനപ്പെടുത്തുകയും വേണം.

### e). സാമൂഹിക രാഷ്ട്രീയ രംഗത്തെ പങ്കാളിത്തം

ആധുനിക കാലഘട്ടത്തിൽ നീതിപൂർവ്വകമായ ഒരു സമൂഹനിർമ്മിതി ഒരു സഭാശുശ്രൂഷയാണ്. അങ്ങനെ വരുമ്പോൾ രാഷ്ട്രീയപ്രവർത്തനം ഒരു ശുശ്രൂഷയായി നാം കാണേണ്ടതുണ്ട്. രാഷ്ട്രീയം എന്നു പറയുന്നത് കക്ഷിരാഷ്ട്രീയമായി മാത്രം കാണരുത്. കക്ഷിരാഷ്ട്രീയത്തിനധീതമായി രാഷ്ട്രീയ പ്രവർത്തനത്തെ കാണാനും പ്രശ്നാധിഷ്ഠിത മൂല്യാധിഷ്ഠിത രാഷ്ട്രീയ സമവാക്യങ്ങൾ രൂപപ്പെടുത്തിയെടുക്കാനും ഇനിയും സഭയ്ക്ക് കഴിഞ്ഞിട്ടില്ല.

(തുടരും)

LAITY VOICE




# ക്രിസ്തുവിലൂള്ള ജീവിതം

**കഴിഞ്ഞ ലക്കം തുടർച്ച...**

**എന്തുകൊണ്ടാണ് അഷ്ടസൗഭാഗ്യങ്ങൾ നമുക്ക് പ്രധാനങ്ങളായിരിക്കുന്നത്?**

യേശുവിന്റെ പ്രസംഗത്തിന്റെ കേന്ദ്രമാണ് അഷ്ടസൗഭാഗ്യങ്ങൾ. അബ്രാഹത്തിന്റെ കാലം മുതൽ ദൈവം നടത്തിയ വാഗ്ദാനങ്ങളെ അവ പുനരവതരിപ്പിക്കുകയും പൂർത്തീകരിക്കുകയും ചെയ്യുന്നു. യേശുവിന്റെ തന്നെ മുഖത്തെ അത് ചിത്രീകരിക്കുന്നു. യഥാർത്ഥ ക്രൈസ്തവജീവിതത്തിന്റെ പ്രത്യേകതയെ അവതരിപ്പിക്കുന്നു. മാനുഷിക പ്രവൃത്തിയുടെ അന്തിമലക്ഷ്യത്തെ മനുഷ്യനു വെളിപ്പെടുത്തുന്നു: നിത്യമായ സൗഭാഗ്യം.

**അഷ്ടസൗഭാഗ്യങ്ങൾക്ക് മനുഷ്യന്റെ ആനന്ദത്തിനായുള്ള ആഗ്രഹവുമായി എന്തു ബന്ധമാണുള്ളത്?**

ദൈവം മനുഷ്യനെ തന്നിലേയ്ക്കാകർഷിക്കുന്നതിനുവേണ്ടി അവന്റെ ഹൃദയത്തിൽ സ്ഥാപിച്ചിരിക്കുന്ന ആനന്ദത്തിനായുള്ള നൈസർഗിക ആഗ്രഹത്തോട് അഷ്ടസൗഭാഗ്യങ്ങൾ പ്രത്യുത്തരിക്കുന്നു. ദൈവത്തിനുമാത്രമേ ആവന്റെ ഈ ആഗ്രഹത്തെ സാധിച്ചുകൊടുക്കാൻ കഴിയുകയുള്ളൂ.

**എന്താണ് നിത്യസൗഭാഗ്യം?**

നിത്യജീവനിൽ ദൈവത്തെ കാണുന്നതാണത്. അതിൽ നാം പൂർണ്ണമായി ദൈവികസ്വഭാവത്തിൽ പങ്കാളികളാകുന്നു (2 പത്രോ.1-4); ക്രിസ്തുവിന്റെ മഹത്വത്തിലും ത്രീത്വൈക ജീവിതത്തിന്റെ സന്തോഷത്തിലും പങ്കുകാരും. നിത്യസൗഭാഗ്യം മാനുഷിക കഴിവുകളെ അതിശയിക്കുന്നതാണ്: ദൈവത്തിന്റെ പ്രകൃത്യതീതവും സൗജന്യവുമായ ഒരു ദാനമാണത്. വരപ്രസാദത്തെപ്പോലെ ഇതും നിത്യസൗഭാഗ്യത്തിലേയ്ക്ക് നയിക്കുന്നു. വാഗ്ദാനം ചെയ്യപ്പെട്ട നിത്യസൗഭാഗ്യം ഭൗതികനന്മകളെ സംബന്ധിച്ച് നിർണ്ണായകങ്ങളായ ധാർമ്മിക തെരെഞ്ഞെടുപ്പുകൾക്കുമുമ്പിൽ നമ്മെ നിറുത്തുന്നു. എല്ലാ വസ്തുക്കളേയുംകാൾ അധികമായി ദൈവത്തെ സ്നേഹിക്കാൻ നമ്മെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു.

## മനുഷ്യന്റെ സ്വാതന്ത്ര്യം

**എന്താണ് സ്വാതന്ത്ര്യം?**

പ്രവർത്തിക്കുന്നതിനോ പ്രവർത്തിക്കാതിരിക്കുന്നതിനോ ഇതോ അതോ ചെയ്യുന്നതിനോ ദൈവത്താൽ നൽകപ്പെട്ടിരിക്കുന്ന ശക്തിയാണ് സ്വാതന്ത്ര്യം; അങ്ങനെ സ്വന്തം ഉത്തരവാദിത്വത്തിൽ മനഃപൂർവ്വമായ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള ശക്തി. യഥാർത്ഥ മാനുഷിക പ്രവൃത്തികളുടെ സവിശേഷതയാണ് സ്വാതന്ത്ര്യം. എത്ര കൂടുതൽ ഒരുവൻ നന്മചെയ്യുന്നുവോ അത്രയും കൂടുതൽ അവൻ സ്വതന്ത്രനാകുന്നു. പരമനന്മയും നമ്മുടെ സൗഭാഗ്യവുമായ ദൈവത്തിലേയ്ക്ക് ക്രമവത്കരിക്കുമ്പോൾ സ്വാതന്ത്ര്യം അതിന്റെ യഥാർത്ഥ പൂർണ്ണത നേടുന്നു. നന്മയേയോ തിന്മയേയോ തിരഞ്ഞെടുക്കുന്നതിനുള്ള സാധ്യതയും സ്വാതന്ത്ര്യം ഉൾക്കൊള്ളുന്നുണ്ട്. തിന്മയെ തെരഞ്ഞെടുക്കൽ സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗമാണ്. അത് പാപത്തിന്റെ അടിമത്തത്തിലേയ്ക്ക് നയിക്കും.

**സ്വാതന്ത്ര്യവും ഉത്തരവാദിത്വവും തമ്മിൽ എന്തുബന്ധമാണുള്ളത്?**

അജ്ഞത, അശ്രദ്ധ, ബലപ്രയോഗം, ഭയം, ക്രമരഹിതങ്ങളായ അടുപ്പങ്ങൾ, ശീലങ്ങൾ എന്നിവ ഒരു പ്രവൃത്തിയുടെ ആരോപണവിധേയത്വ സാധ്യതയെയും ഉത്തരവാദിത്വത്തെയും കുറയ്ക്കുകയോ ഇല്ലാതാക്കുകയോ ചെയ്യും. എന്നാലും മനുഷ്യരുടെ പ്രവൃത്തികൾ എത്രമാത്രം ബോധപൂർവ്വകമായിരിക്കുന്നുവോ അത്രമാത്രം സ്വാതന്ത്ര്യം അവരെ ആ പ്രവൃത്തികളുടെ ഉത്തരവാദികളാക്കുന്നു.

**എന്തുകൊണ്ടാണ് എല്ലാ മനുഷ്യർക്കും സ്വാതന്ത്ര്യം ഉപയോഗിക്കാനുള്ള അവകാശമുണ്ടായിരിക്കുന്നത്?**

മനുഷ്യവ്യക്തിയുടെ മഹത്വത്തോട് അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നതിനാൽ, സ്വാതന്ത്ര്യം ഉപയോഗിക്കുവാനുള്ള അവകാശം ഏവർക്കും ഉണ്ട്. അതിനാൽ ഈ അവകാശം സവിശേഷമായി ധാർമ്മികവും മതപരവുമായ കാര്യങ്ങളിൽ എപ്പോഴും ആദരിക്കപ്പെടണം. പൊതുനന്മയുടേയും ക്രമസമാധാനത്തിന്റെയും പരിധിക്കുള്ളിൽ രാഷ്ട്രാധികാരികൾ ഇത് അംഗീകരിക്കുകയും സംരക്ഷിക്കുകയും വേണം.

**രക്ഷാപദ്ധതിയിൽ മാനുഷികസ്വാതന്ത്ര്യത്തിന് എന്തു സ്ഥാനമാണുള്ളത്?**

ആദിപാപത്തിന്റെ ഫലമായി നമ്മുടെ സ്വാതന്ത്ര്യം ബലഹീനമാക്കപ്പെട്ടിരിക്കുന്നു. തുടർന്നുള്ള പാപങ്ങളുടെ ഫലമായി ഈ ബലഹീനത വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ, 'നാം സ്വാതന്ത്ര്യത്തിൽ നിലനിൽക്കേണ്ടതിന്' (ഗലാ.5-1) ക്രിസ്തു നമ്മെ വിമോചിതരാക്കിയിരിക്കുന്നു. സഭയിലും ലോകത്തിലും തന്റെ സ്വതന്ത്ര സഹപ്രവർത്തകരാകാൻ അവിടുത്തെ കൃപയാൽ പരിശുദ്ധാത്മാവ് നമ്മെ ആത്മീയ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കുന്നു.

**മാനുഷിക പ്രവൃത്തികളുടെ ധാർമികതയുടെ ഉറവിടങ്ങൾ ഏവയാണ്?**

മാനുഷിക പ്രവൃത്തികളുടെ ധാർമികത മൂന്ന് ഉറവിടങ്ങളെ ആശ്രയിച്ചിരിക്കുന്നു: തിരഞ്ഞെടുക്കപ്പെട്ട വിഷയം: അത് ശരിയോ യഥാർത്ഥ നന്മയോ നന്മയെന്നു തോന്നിക്കുന്നതോ ആകാം; പ്രവർത്തിക്കുന്ന വ്യക്തിയുടെ ഉദ്ദേശ്യം: ഏതു ലക്ഷ്യത്തിനുവേണ്ടി വ്യക്തി പ്രവൃത്തി ചെയ്യുന്നുവോ അത്; പ്രവൃത്തിയുടെ സാഹചര്യങ്ങൾ: അവിടെ അവയുടെ പരിണത ഫലങ്ങളും ഉൾക്കൊള്ളുന്നു.

(തുടരും)

**(പിഒസി പ്രസിദ്ധീകരിച്ച കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നിന്ന്)**

**നിങ്ങളുടെ മനസിനെ നിർമ്മലമായി സൂക്ഷിക്കുവിൻ (1 പത്രോ.3:16).**

Published and edited by Chevalier Adv.V C Sebastian
Valliamthadathil, Santhigri Residency,Palampra P.O., Kanjirapally
Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliervcsebastian@gmail.com
SHAJU.CHACKO7@GMAIL.COM
Private circulation